# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 4/347/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 07/03/2022
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂടരഞ്ഞി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. കെ.കെ.ഡി. പി. 4/347/2022 തീയ്യതി: 07/03/2022

## കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെട്ടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 12-12-2019 മുതൽ 22-02-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.വാസുദേവൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 23-02-2022 | 02-03-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 23-02-2022 | 02-03-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീജതെക്കൻ - ഓഡിറ്റ് ഓഫീസർ
ശ്രീ.ഹരി.ഇ.വി - ഓഡിറ്റ് ഓഫീസർ
ശ്രീമതി.ദിശ.ആർ.കെ - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാമദാസ്.എം - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുൾനസീർ.ടി.പി - സിനീയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ലത.ടി.കെ - സിനീയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.സോളി ജോസഫ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.പി.ടി.അബ്ദുൾ സലാം | സെക്രട്ടറി | 01-04-2019 | 03-03-2020 |
| ശ്രീ.അജിത്ത്.പി.എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-03-2020 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഞ്ജലി എ ഹരി | കൃഷി ഓഫീസർ | 01-04-2019 | 12-11-2019 |
| ശ്രീ.സാജിത്ത് അഹമ്മദ്.എ.കെ | കൃഷി ഓഫീസർ | 13-11-2019 | 24-01-2020 |
| ശ്രീ.മുഹമ്മദ്.പി.എം | കൃഷി ഓഫീസർ | 25-01-2020 | 31-03-2020 |
| ശ്രീ.റാഷി.പി.ആർ | അസി.എഞ്ചിനീയർ | 01-04-2019 | 20-07-2019 |
| ശ്രീ.ആസിഫ് മുഹമ്മദ് | അസി.എഞ്ചിനീയർ | 20-07-2019 | 30-07-2019 |
| ശ്രീമതി.അശ്വിനി.ടി. | അസി.എഞ്ചിനീയർ | 31-07-2019 | 31-03-2020 |
| ഡോ.ഡിജേഷ് ഉണ്ണികൃഷ്ണൻ | വെറ്ററിനറി സർജൻ | 01-04-2019 | 29-02-2020 |
| ഡോ.ലിറ്റി മാത്യൂ | വെറ്ററിനറി സർജൻ | 01-03-2020 | 31-03-2020 |
| ശ്രീ.ജോസ് കുര്യാക്കോസ്.ടി.ഒ | വി.ഇ.ഒ | 01-04-2019 | 05-08-2022 |
| | | 28-09-2019 | 16-12-2019 |
| ശ്രീമതി.ഫസീല.കെ.കെ | വി.ഇ.ഒ | 06-08-2019 | 28-09-2019 |
| ശ്രീ.കപിൽദേവ്.പി.സി | വി.ഇ.ഒ | 17-12-2019 | 31-03-2020 |
| ശ്രീമതി ഫസ്ലി.പി.കെ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ഡോ.പ്രിയ.കെ.വി | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 01-04-2019 | 31-03-2020 |
| ശ്രീമതി ശോഭന | ഹെഡ്മിസ്ട്രസ് | 01-04-2019 | 31-03-2020 |
| ശ്രീമതി രശ്മിപ്രിയ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീ അജിത്ത് പി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 01-07-2019 | 31-03-2020 |
| ഡോ.സല്ലി.പി | മെഡിക്കൽ ഓഫീസർ,ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീമതി റജിമോൾ ജോർജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-2 |
| 3 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം ( ACR പ്രകാരം )<br>Written By: E.V Hari (Audit Officer, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗം<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Sreeja Thekkan (Audit Officer, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-5 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-6 |
| 9 | ക്യാഷ് പരിശോധന<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-7 |
| 10 | ആഭ്യന്തര നിയന്ത്രണം.<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-8 |
| 11 | കൃത്യമായ ഫീൽഡ് പരിശോധന ഇല്ലാതെ നികുതി നിർണ്ണയം നടത്തിയതുമൂലം നികുതി നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-9 |
| 12 | പാർക്കിംഗ് ഏരിയ്ക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-10 |
| 13 | തൊഴിൽ നികുതി - അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-11 |
| 14 | ഷോപ്പിംഗ് കോംപ്ലക്സ് വാടക – ഫയലിലെ അപാകതകൾ<br>Written By: T.K.Latha (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-12 |
| 15 | തുടർസാക്ഷരത - പദ്ധതിനടത്തിപ്പിലെ അപാകതകൾ<br>Written By: RAMDAS M. (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1-13 |
| 16 | പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-14 |
| 17 | ഗർഭിണികിടാരിക്കുപകരം കന്നുകുട്ടിയെ വാങ്ങി - നിശ്ചിത സമയപരിധി | 1-15 |

| | | |
|---|---|---|
| | പൂർത്തിയാക്കാതെ വില്പനയും നടത്തി.<br>Written By: RAMDAS M. (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | |
| 18 | ഗാർഹിക ബയോഗ്യാസ് പ്ളാന്റുകൾ ഉപയോഗപ്പെടുത്തുന്നില്ല.<br>Written By: RAMDAS M. (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-16 |
| 19 | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ<br>Written By: Sreeja Thekkan (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-17 |
| 20 | വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം - നിർവ്വഹണത്തിലെ അപാകതകൾ<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-18 |
| 21 | MGNREGS - പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിയമാനുസൃതമല്ല<br>Written By: Sreeja Thekkan (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-19 |
| 22 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-20 |
| 23 | കുമ്പാറ മാവേലി സ്റ്റോർ - വാടകരഹിത കെട്ടിടം ഒരുക്കുന്നതിന് പകരം തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നു.<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-21 |
| 24 | സ്കൂളുകൾക്ക് വേസ്റ്റ് പിറ്റ് - പദ്ധതി നിർവഹണത്തിലെ കാലതാമസവും അപാകതകളും<br>Written By: Disha R.K (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-22 |
| 25 | പൊതുമരാമത്ത് പ്രവർത്തികൾ - പദ്ധതി വിനിയോഗത്തിലെ അപാകത സംബന്ധിച്ച്<br>Written By: Disha R.K (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 1- 23 |
| 26 | ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല<br>Written By: Disha R.K (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1- 24 |
| 27 | സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല<br>Written By: Disha R.K (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1- 25 |
| 28 | മഴക്കാല പൂർവ്വ ശുചീകരണം - മെഡിക്കൽ ഓഫീസർക്ക് നൽകിയ മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു.<br>Written By: E.V Hari (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1- 26 |
| 29 | ബഡ്സ് സ്കൂൾ ആരംഭിക്കാൻ നടപടികളില്ല<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1- 27 |
| 30 | എസ്.എസ്.എ വിഹിതം അടവാക്കൽ - മതിയായ തുക വകയിരുത്തിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1- 28 |

| | | |
|---|---|---|
| 31 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.<br>Written By: E.V Hari (Audit Officer, On 01-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1- 29 |
| 32 | പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം<br>Written By: Abdul Nazeer T.P. (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-30 |
| 33 | ഐ.എസ്.ഒ പൂർത്തീകരണം - ചെലവു രേഖകൾ ഹാജരാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-31 |
| 34 | ദുരിതാശ്വാസ നിധി രേഖകൾ ഹാജരാക്കിയില്ല.<br>Written By: Sreeja Thekkan (Audit Officer, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 1-32 |
| | **ഭാഗം 2** | |
| 1 | കൃത്യമായ ഫീൽഡ് പരിശോധന ഇല്ലാതെ നികുതി നിർണ്ണയം നടത്തിയതുമൂലം നികുതി നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 07-03-2022) | 2-1 |
| 2 | പാർക്കിംഗ് ഏരിയ്ക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ നഷ്ടം<br>Written By: T.K.Latha (Senior Grade Auditor, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 2-2 |
| | **ഭാഗം 3** | |
| 1 | പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല<br>Written By: Disha R.K (Asst. Audit Officer, On 02-03-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 04-03-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-8 |

| | | |
|---|---|---|
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: RAMDAS M. (Asst. Audit Officer, On 28-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: RAMDAS M. (Asst. Audit Officer, On 25-02-2022)<br>Last Updated By: Vasudevan M (Deputy Director, On 05-03-2022) | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.2.2019 - ലെ 1 -ാം നമ്പർ തീരുമാന പ്രകാരവും ഭരണസമിതിയുടെ 16.2.2019 – ലെ 1 -ാം നമ്പർ തീരുമാന പ്രകാരവും ഓഡിറ്റ് വർഷത്തെ ബജറ്റ് അംഗീകരിച്ചു. ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 18.2.2020 - ലെ 5 -ാം നമ്പർ തീരുമാന പ്രകാരവും ഭരണസമിതിയുടെ 10.3.2020 – ലെ 1 -ാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214, 2.12.2016 ലെ ജി.ഒ ആർ. ടി 3291/2016 എൽ.എസ്.ജി.ഡി നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച ഗ്രാമപഞ്ചായത്തുകൾക്കുള്ള ബജറ്റ് മാന്വൽ എന്നിവ നിഷ്കർഷിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് സ്ഥാപനം ബജറ്റ് തയ്യാറാക്കിയിരിക്കുന്നത്. മാന്വൽ പ്രകാരം ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) നോൺ പ്ലാൻ വരവ് ചെലവുകൾ സംബന്ധിച്ച് തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. നോൺ പ്ലാൻ സംബന്ധിച്ച് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനുവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം. ജനുവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം. എന്നാൽ ഈ നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. കൂടാതെ, തനത് വരുമാനവും റവന്യൂ ചെലവുകളും എപ്രകാരം കണക്കാക്കി എന്ന് വ്യക്തമാക്കുന്ന വർക്കിംഗ് പേപ്പറുകൾ ബജറ്റ് ഫയലിൽ ലഭ്യമല്ല. ഇതുകൊണ്ട് തന്നെ മേല്പറഞ്ഞവ സംബന്ധിച്ച എസ്റ്റിമേറ്റ് വസ്തുതാപരമാണോയെന്ന് പരിശോധിക്കാനായിട്ടില്ല.

ബഡ്ജറ്റ് മാന്വൽ പ്രകാരമുള്ള നടപടിക്രമങ്ങളും സമയക്രമങ്ങളും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും, ബജറ്റ് രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2020 | 01.06.2020 |

## 1-2-1 വാർഷിക കണക്കുകളിലെ അപാകതകൾ

കുടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകളിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. വാർഷിക കണക്കിനോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), പ്രധാനപ്പെട്ട അക്കൗണ്ടിങ്ങ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല.

2. താഴെപ്പറയുന്ന ബാങ്ക് അക്കൗണ്ടുകളിൽ വർഷങ്ങളായി ഇടപാടുകളില്ല.

| ക്രമ നമ്പർ | ബാങ്ക്, അക്കൗണ്ട് നമ്പർ | ഏറ്റവും അവസാനമായി ഇടപാട് നടന്ന തീയതി | 31.3.2020 ലെ നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | എസ്. സി കോർപ്പസ് ഫണ്ട് | 16.8.2016 | 123628 |
| 2 | എസ്. എം. ജി. ബി. പെൻഷൻ – 10891 | 161.2017 | 6249 |
| 3 | എസ്. എം. ജി. ബി – എം. എൻ. ലക്ഷം വീട് – 10075 | 30.3.2013 | 3611 |

മേൽ അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് തുക സജീവമായ മറ്റൊരു അക്കൗണ്ടിലേക്ക് മാറ്റേണ്ടതാണ്.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4. കെട്ടിട വാടക വരവിന്റെ കാര്യത്തിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. MGNREGS ന്റെ കാര്യത്തിൽ Receipts And Payments സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് – ചെലവ് – നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. കൂടാതെ വരവ് – ചെലവ് തുകകൾ രേഖപ്പെടുത്തിയതിന് ആധികാരികതയില്ല.

6. സംയുക്ത പദ്ധതികളുടെ ഫണ്ട് വിനിയോഗം സംബന്ധിച്ച് വാർഷിക കണക്കിൽ നടത്തിയ രേഖപ്പെടുത്തലുകൾക്ക് ആധികാരികതയില്ല.

7. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 11 – ൽ ഉൾപ്പെട്ട ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്ന

ഇനത്തിന്റെ വിശദ വിവരം ലഭ്യമല്ല.

8. അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾക്ക് ബാധകമായ ടെണ്ടർ ഫോറം വില (ഇ – ടെണ്ടർ ഫീ) വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

9. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 15 പ്രകാരമുള്ള Sundry Debtors - Receivables എന്ന ഇനത്തിന്റെ വിശദ വിവരം ലഭ്യമല്ല.

10. പിരിഞ്ഞു കിട്ടാൻ അവശേഷിക്കുന്ന തുകകളുടെ കാര്യത്തിൽ ലഭ്യത സംശയാസ്പദമായവയ്ക്ക് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള പ്രൊവിഷൻ നൽകിയിട്ടില്ല.

11. ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി. 2 പ്രകാരം സ്പെഷൽ ഫണ്ടിനത്തിൽ ഉൾപ്പെടുത്തിയ എൻഡോവ്മെന്റ് - 2,63,000 രൂപ യഥാർത്ഥത്തിൽ 2015 വർഷം ആരോഗ്യ കേരളം പുരസ്കാരം ഇനത്തിൽ ലഭിച്ചതാണ്. ഈ തുക യഥാർത്ഥ ഹെഡിലേക്ക് മാറ്റി ക്രമീകരിക്കേണ്ടതാണ്.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,10,92,133.25 |
| വരവ് | 5,89,24,778.00 |
| ആകെ | 7,00,16,911.25 |
| ചെലവ് | 6,00,39,807.00 |
| നീക്കിയിരിപ്പ് | 99,77,104.25 |

## 1-4 ഫണ്ട് വിനിയോഗം ( ACR പ്രകാരം )

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | - | 18589732 | 18589732 | 11346633 | 7243099 |
| വികസനഫണ്ട് എസ്.സി.പി. | - | 2051882 | 2051882 | 572760 | 1479122 |
| വികസനഫണ്ട് ടി.എസ്.പി. | - | 1432502 | 1432502 | 752500 | 680002 |
| സംരക്ഷണഗ്രാന്റ് റോഡ് | - | 17567000 | 17567000 | 5514432 | 12052568 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | - | 4349000 | 4349000 | 3058295 | 1290705 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | 11804575 | 11804575 | 6793671 | 5010904 |
| MGNREGS - തൊഴിലാളികളുടെ കൂലി | - | 20737637 | 20737637 | 20737637 | - |
| MGNREGS - അഡ്മിനിസ്റ്റേറ്റീവ് ചെലവ് | 23628 | 2556470 | 2580098 | 2308757 | 271341 |
| ബി. ഫണ്ട് | - | 12604720 | 12604720 | 12604720 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | 5314919 | 8465094 | 13780013 | 8473965 | 5306048 |
| കേന്ദ്രാവിഷ്കൃത ഫണ്ട് - ICDS | 355727 | 1173856 | 1529583 | 648453 | 881130 |
| കേന്ദ്രാവിഷ്കൃത ഫണ്ട് - MP FUND | 154998 | 5161 | 160159 | - | 160159 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് - ശുചിത്വ മിഷൻ | 850593 | - | 850593 | 291918 | 558675 |
| സാക്ഷരത | 28896 | 1135 | 30031 | 60 | 29971 |

കുറിപ്പ് - MGNREGS ന്റെ കാര്യത്തിൽ Receipts And Payments സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് - ചെലവ് - നീക്കിയിരിപ്പ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന് അനുവദിക്കപ്പെട്ട താഴെപ്പറയുന്ന ഗ്രാന്റുകൾ വിനിയോഗിക്കാതിരുന്നതിനാൽ ലാപ്സായിട്ടുണ്ട്.

| ഫണ്ടിനം | വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|

| | | | |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 18589732 | 11346633 | 7243099 |
| വികസനഫണ്ട് എസ്.സി.പി. | 2051882 | 572760 | 1479122 |
| വികസനഫണ്ട് ടി.എസ്.പി. | 1432502 | 752500 | 680002 |
| സംരക്ഷണഗ്രാന്റ് റോഡ് | 17567000 | 5514432 | 12052568 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4349000 | 3058295 | 1290705 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11804575 | 6793671 | 5010904 |
| ആകെ | 55794691 | 28038291 | 27756400 |

ഇത്തരത്തിൽ ഗ്രാന്റുകൾ ലാപ്സാവുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

1-4-1 ഗ്രാന്റ് വിനിയോഗം

23.01.2021 - ലെ സ. ഉ (കൈ) 16/2021/ത.സ്വ.ഭവ പ്രകാരം ഐ. കെ. എം. തയ്യാറാക്കിയ കുടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഗ്രാന്റ് വിനിയോഗ പത്രികയിലെ വിവരങ്ങൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന പൊരുത്തക്കേടുകൾ കാണുന്നു.

1) ഗ്രാന്റ് വിനിയോഗ പത്രികയിൽ ഉൾപ്പെടുത്തിയ വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്. സി. പി), വികസന ഫണ്ട് (ടി. എസ്. പി), മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്), എന്നിവയുടെ ആകെ അടങ്കൽ (അലോക്കേഷൻ) ഐ. കെ. എം. ചെലവ് പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ഗ്രാന്റ് വിനിയോഗ പത്രികയിലെ തുക | ഐ.കെ.എം. ചെലവ് പത്രികയിലെ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 69707720 | 24529792 |
| വികസന ഫണ്ട് (എസ്. സി. പി) | 7754799 | 2495976 |
| വികസന ഫണ്ട് (ടി. എസ്. പി) | 1784961 | 1514761 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 18818000 | 18618000 |
| മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്) | 5299000 | 5199000 |

2) വികസന ഫണ്ട് (ജനറൽ), വികസന ഫണ്ട് (എസ്. സി. പി), വികസന ഫണ്ട് (ടി. എസ്. പി), മെയിന്റനൻസ് ഫണ്ട് (റോഡ്), മെയിന്റനൻസ് ഫണ്ട് (നോൺ - റോഡ്) എന്നീ ഇനങ്ങളിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുക രേഖപ്പെടുത്തിയതിന് ആധികാരികതയില്ല. ആയവ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിന്റെയും ആയത് നടപ്പിലാക്കിയതിന്റെയും വിശദവിവരം താഴെ കൊടുക്കുന്നു.

| അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ | നടപ്പിലാക്കിയ പ്രൊജക്ടുകളുടെ എണ്ണം | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്ത പ്രൊജക്ടുകൾ |
|---|---|---|---|
| 188 | 91 | 23 | 74 |

വിവിധ ഫണ്ടുകൾ വകയിരുത്തി ആകെ 188 പ്രൊജക്ടുകൾക്കാണ് സാമ്പത്തിക വർഷത്തിൽ അംഗീകാരം ലഭിച്ചത്. ആയതിൽ കേവലം 114 പ്രൊജക്ടുകൾക്ക് മാത്രമെ സാമ്പത്തിക വർഷത്തിൽ തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. വിവിധ പ്രൊജക്ടുകൾ ക്കായി 88109687 രൂപ വകയിരുത്തിയതിൽ

കേവലം 44069826 രൂപ മാത്രമെ പ്രൊജക്ടുകൾക്കായി വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളൂ. യഥാസമയം പ്രൊജക്ടുകൾ പൂർത്തീകരിച്ച് ട്രഷറിയിൽ ബിൽ സമർപ്പിക്കുന്നതിൽ വന്ന കാലതാമസം കാരണം ലഭ്യമായ വികസന ഫണ്ട്/മെയിന്റെനൻസ് ഗ്രാന്റിനങ്ങളിൽ പഞ്ചായത്തിന് ലഭ്യമായ തുക പൂർണ്ണമായി വിനിയോഗിക്കാൻ കഴിയാതെ വൻതുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ലാപ്സായിട്ടുണ്ട്. ആയതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അലോട്ട്മെന്റ് പ്രകാരം ലഭ്യമായ തുക | ചെലവുവന്ന തുക | ലാപ്സായ തുക |
|---|---|---|---|
| C.F.C.ഗ്രാന്റ് | 11804575 | 6793671 | 5010904 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4349000 | 3058295 | 1290705 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17567000 | 5514432 | 12052568 |
| വികസന ഫണ്ട് ജനറൽ | 18589732 | 11346633 | 7243099 |
| വികസന ഫണ്ട് -SCP | 2051882 | 572760 | 1479122 |
| വികസന ഫണ്ട് -TSP | 1432502 | 752500 | 680002 |
| ആകെ | 55794691 | 28038291 | 27756400 |

സാമ്പത്തിക വർഷത്തിൽ മേൽ ഫണ്ടിനങ്ങളിൽ സർക്കാരിൽ നിന്നും ലഭ്യമായ 5,57,94,691/- രൂപയിൽ 2,80,38,291/- രൂപ വിനിയോഗിക്കാൻ മാത്രമെ പഞ്ചായത്തിന് കഴിഞ്ഞിട്ടുള്ളൂ. പഞ്ചായത്തിൽ

നിന്നും ലഭ്യമായ കണക്ക പ്രകാരം 1,06,46,761/- രൂപ വിവിധ പ്രോജക്ടുകൾ പ്രകാരം ക്യൂബിൽ ആയിട്ടുണ്ട്. ക്യൂബിൽ തുക ഒഴിവാക്കിയാൽ തന്നെ 1,71,09,639/- രൂപ പ്രോജക്ടുകളുടെ നിർവഹണത്തിൽ വന്ന വീഴ്ച മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്.

വികസനഫണ്ട് ജനറൽ, എസ്.സി.പി, മെയിന്റനൻസ് ഗ്രാന്റ് റോഡ്, നോൺറോഡ്, സെൻട്രൽ ഫൈനാൻസ് കമ്മീഷൻ ഗ്രാന്റിനങ്ങളിലെല്ലാം തന്നെ ലഭ്യമായ ഫണ്ട് വിനിയോഗിക്കാൻ കഴിയാത്ത സ്ഥിതി പഞ്ചായത്തിൽ സാമ്പത്തിക വർഷം പ്രകടമാണ്. നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം പ്രത്യേകമായി പരിശോധിച്ചാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട നിർവഹണത്തിലുള്ള വീഴ്ചയാണ് ഫണ്ട് നഷ്ടത്തിന് പ്രധാനമായും കാരണമായത്. അസിസ്റ്റന്റ് എഞ്ചിനീയർക്ക് സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 116 പ്രോജക്ടുകൾ നടപ്പിലാക്കാനുണ്ടായിരുന്നതിൽ കേവലം 56 പ്രൊജക്ടുകൾക്ക് മാത്രമെ തുക ചെലവഴിക്കപ്പെട്ടിട്ടുള്ളൂ. സാമ്പത്തിക വർഷം പ്രവൃത്തി പൂർത്തീകരിച്ച് ബില്ലുകൾ ട്രഷറിയിൽ സമർപ്പിച്ച് ക്യൂബിൽ ആയ 30 ബില്ലുകൾ കൂടി പരിഗണിച്ചാലും അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രൊജക്ട് നിർവഹണം കാര്യക്ഷമമല്ല എന്ന് വ്യക്തമാണ്. മറ്റ് നിർവഹണ ഉദ്യോഗസ്ഥരിൽ വെറ്ററിനറി സർജൻ, മെഡിക്കൽ ഓഫീസർ ഹോമിയോ, മെഡിക്കൽ ഓഫീസർ പി.എച്ച്.സി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥരൊന്നും തന്നെ മുഴുവൻ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടില്ല.

## 1-6 ക്ഷേമ പദ്ധതികൾ

സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 16320 | 17 |
| കർഷക തൊഴിലാളി പെൻഷൻ | 1773600 | 616 |
| വിധവാ പെൻഷൻ | 3487800 | 1176 |
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6186000 | 2061 |
| വികലാംഗ പെൻഷൻ | 1027600 | 344 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 113400 | 39 |

1-7 ക്യാഷ് പരിശോധന

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24-02-2022 ന് സ്ഥാപന തലവന്റെ/ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43,007/- രൂപ ക്യാഷ് നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം.

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പ് വരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു.

പ്രതിമാസ സ്റ്റാഫ് മീറ്റിങ്ങുകൾ വിളിച്ചുകൂട്ടി ഓഫീസ് പ്രവർത്തനം വിലയിരുത്തുന്നുണ്ട്. കൃത്യമായ ഓഫീസ് ഓർഡർ മുഖേന ജീവനക്കാർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എല്ലാ ഫീൽഡ് ജീവനക്കാരുടെയും കലക്ഷൻ രജിസ്റ്റർ പരിശോധിച്ച് പിരിച്ചെടുത്ത തുക കൃത്യമായി അടവാക്കുന്നു എന്ന് മേലുദ്യോഗസ്ഥർ ഉറപ്പ് വരുത്തിയിട്ടുണ്ട്. ക്യാഷ്ബുക്ക്, ഡേ ബുക്ക് എന്നിവ ദിവസേന സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. ബാങ്ക്, ട്രഷറി അക്കൗണ്ടുകളുടെ പ്രതിമാസ റീക്കൺസിലേഷൻ തയ്യാറാക്കി ആയത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വൗച്ചറുകൾ പ്രസിഡണ്ട് പരിശോധിച്ച് ആധികാരികമാക്കുന്നുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററുകൾ കുറ്റമറ്റ രീതിയിൽ എഴുതി സൂക്ഷിച്ചതായി കാണുന്നില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ നടപടികൾ ഉണ്ടായതായി കാണുന്നില്ല. റിപ്പോർട്ടുകൾക്ക് പ്രഥമ മറുപടി സമർപ്പിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ പിന്നീട് തുടർ നടപടികളൊന്നും കൈക്കൊണ്ടു കാണുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ വിവിധ വരവിനങ്ങൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി വിലയിരുത്തേണ്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഡിമാന്റ് ചെയ്യപ്പെട്ട നികുതി/ നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുന്നുണ്ടെങ്കിലും കേരള പഞ്ചായത്ത് രാജ് നിയമത്തിലും ചട്ടത്തിലും നിഷ്കർഷിക്കുന്ന നടപടി ക്രമങ്ങൾ പാലിച്ച് നികുതി, നികുതിയേതര വരുമാനങ്ങൾ മുഴുവൻ ഡിമാന്റ് ചെയ്യപ്പെടുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ട സെക്ഷനുകൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നില്ല. ആസ്തി രജിസ്റ്റർ

കാലികമാക്കിയിട്ടില്ല. ഓഡിറ്റ് വർഷം കെട്ടിട വാടക വരവിന്റെ കാര്യത്തിൽ വാർഷിക സംഗ്രഹം തയ്യാറാക്കി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ വരവ് ചെലവ് കണക്കുകൾ അംഗീകരിക്കുമ്പോൾ കണക്കുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിച്ച്, ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-9 കൃത്യമായ ഫീൽഡ് പരിശോധന ഇല്ലാതെ നികുതി നിർണ്ണയം നടത്തിയതുമൂലം നികുതി നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി, ന്യൂ ബിൽഡിംഗ് രജിസ്റ്റർ, നികുതി നിർണ്ണയ ഫയലുകൾ, സഞ്ചയ സ്സോഫ്റ്റ് വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ പലവിധത്തിലുള്ള അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ഖണ്ഡിക 2-1 ആയി റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 പാർക്കിംഗ് ഏരിയ്ക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ നഷ്ടം

ഫയൽ നം - എ 2. 1863/19 *29*/06/2019

വാഹിത ചിനാബ്, വണ്ണാൻ താഴെ, മുഉവണ്ണാച്ച എന്ന വ്യക്തി, ടിയാളുടെ അപ്പാർട്ട്മെന്റ് (പാർപ്പിടാവശ്യം) കെട്ടിടം നിർമ്മിക്കുന്നതിനായി 30/05/2017 ലെ 28/2017-18 പെർമിറ്റ് പ്രകാരം (642.91 ച. മീ) പെർമിറ്റ് എടുക്കുകയും 13.05.2019 ലെ കംപ്ലീഷൻ പ്ലാൻ സർട്ടിഫിക്കറ്റ് പ്രകാരം 480.41 ച. മീ കെട്ടിടം പൂർത്തികരിച്ച് നികുതി നിർണ്ണയത്തിനായി അപേക്ഷ നൽകുകയും, ആയത് പ്രകാരം കെട്ടിട നമ്പർ നൽകി (12/60 A,B,C,D,E) നൽകി നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. കേരള പഞ്ചായത്ത്രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ തെറ്റായി വ്യാഖ്യാനിച്ച് വീടുകളുടെ പോർച്ചുകൾക്ക് ചട്ടപ്രകാരം അനുവദിച്ച നികുതി ഇളവ്, ബഹുനില അപ്പാർട്ടുമെന്റുകളുടെ പാർക്കിംഗ് ഏരിയക്ക് തെറ്റായി അനുവദിച്ചത് മൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾക്ക് ഖണ്ഡിക 2-2 കാണുക.

## 1-11 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ, അർദ്ധ വാർഷിക റിട്ടേൺസ് എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്.

എന്നാൽ 2019-20 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ച പല സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെയും, സ്ഥാപനത്തിന്റെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കൂടാതെ വിവിധ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധവർഷം |
|---|---|---|
| 1 | മരഞ്ചാട്ടി ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും, രണ്ടും അർദ്ധവർഷം |
| 2 | കൂടരഞ്ഞി ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും, രണ്ടും അർദ്ധവർഷം |
| 3 | കക്കാടംപൊയിൽ ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നാം അർദ്ധ വർഷം |
| 4 | പൂവാറൻതോട് ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും, രണ്ടും അർദ്ധവർഷം |
| 5 | പെരുമ്പൂള ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും, രണ്ടും അർദ്ധവർഷം |
| 6 | കുമ്പാറ ക്ഷീരോൽപ്പാദക സഹകരണ സംഘം | ഒന്നും, രണ്ടും അർദ്ധവർഷം |
| 7 | പ്രഭാകര ആയുർക്ലിനിക്ക് | രണ്ടാം അർദ്ധ വർഷം |

| | | |
|---|---|---|
| 8 | മിനി മുത്തുറ്റ് നിധി കുടരഞ്ഞി | രണ്ടാം അർദ്ധ വർഷം |
| 9 | കെ. വി ബ്ലുമെറ്റൽ പട്ടോത്ത് | ഒന്നാം അർദ്ധ വർഷം |
| 10 | തേനരുവി ക്വാറി | ഒന്നും, രണ്ടും അർദ്ധവർഷം |
| 11 | ഇൻഡോ ബ്ലാക്ക് സ്റ്റോൺ | രണ്ടാം അർദ്ധ വർഷം |
| 12 | തേക്കിൻ ചുവട് ഗ്രാനേറ്റ്സ് | രണ്ടാം അർദ്ധ വർഷം |
| 13 | കൊന്നമൂട്ടി ഹോളോ ബ്രിക്സ് | രണ്ടാം അർദ്ധ വർഷം |
| 14 | സ്റ്റാർ ടയേഴ്സ്, കൂടരഞ്ഞി | രണ്ടാം അർദ്ധ വർഷം |
| 15 | ഏഷ്യൻ സ്വീറ്റ്സ് | രണ്ടാം അർദ്ധ വർഷം |
| 16 | ഫ്യൂവൽ വാലി പമ്പ് | രണ്ടാം അർദ്ധ വർഷം |
| 17 | നവജീവൻ ഫുഡ് ഇന്റസ്ട്രി | ഒന്നും, രണ്ടും അർദ്ധവർഷം |
| 18 | കാതൽ വുഡ് ഇന്റസ്ട്രീസ് | ഒന്നും, രണ്ടും അർദ്ധവർഷം |
| 19 | നാഷണൽ കയർ ഇന്റസ്ട്രീസ് കൂടരഞ്ഞി | രണ്ടാം അർദ്ധവർഷം |
| 20 | ജ്യോതി ശ്രീക്കുട്ടി അപ്പർ സ്റ്റിച്ചിംഗ് യൂണിറ്റ് | ഒന്നും, രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 21 | കെ. ടി. ഹൈപ്പർ മാർക്കറ്റ്, കുടരഞ്ഞി | ഒന്നും, രണ്ടും അർദ്ധവർഷം |
| 22 | കള്ള് ഷാപ്പ്, കൂടരഞ്ഞി | ഒന്നും, രണ്ടും അർദ്ധവർഷം |
| 23 | കള്ള് ഷാപ്പ്, കുമ്പാറ | ഒന്നും, രണ്ടും അർദ്ധവർഷം |
| 24 | കള്ള് ഷാപ്പ്, മരഞ്ചാട്ടി | ഒന്നും, രണ്ടും അർദ്ധവർഷം |
| 25 | സോണി ബാങ്കേഴ്സ്, കൂടരഞ്ഞി | രണ്ടാം അർദ്ധ വർഷം |
| 26 | സിവ്കോ ഫുഡ്സ് | ഒന്നും, രണ്ടും അർദ്ധവർഷം |
| 27 | സ്റ്റെല്ലാ മേരി സ്കൂൾ | ഒന്നും, രണ്ടും അർദ്ധവർഷം |
| 28 | മറ്റം ആന്റ് അസോസിയേറ്റസ് | രണ്ടാം അർദ്ധവർഷം |
| 29 | കെ. വി സർവ്വീസ് സ്റ്റേഷൻ, കരിങ്കുറ്റി, കൂടരഞ്ഞി | രണ്ടാം അർദ്ധവർഷം |
| 30 | വിലങ്ങുപാറ | രണ്ടാം അർദ്ധവർഷം |
| 31 | സാൻജോസ് ഹോം സ്റ്റേ, കൂടരഞ്ഞി | രണ്ടാം അർദ്ധവർഷം |

2. സ്ഥാപനതൊഴിൽ നികുതി അടവാക്കാത്തവരുടെ വിശദാംശം

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|

| | |
|---|---|
| 1 | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ ഡിവിഷൻ, കൂടരഞ്ഞി |
| 2 | എസ്. ബി. ഐ, കൂടരഞ്ഞി |
| 3 | കാനറ ബാങ്ക്, കൂടരഞ്ഞി |
| 4 | കേരള ഗ്രാമീൺ ബാങ്ക് |
| 5 | കൂടരഞ്ഞി കോ - ഓപ്പറേറ്റീവ് റൂറൽ ഹൗസിംഗ് സൊസൈറ്റി |
| 6 | സപ്ലൈകോ മാവേലി സ്റ്റോർ, കൂടരഞ്ഞി |
| 7 | സപ്ലൈകോ മാവേലി സ്റ്റോർ, കൂമ്പാറ |
| 8 | ത്രിവേണി സൂപ്പർ സ്റ്റോർ, കൂടരഞ്ഞി |
| 9 | സൗഭാഗ്യ ഡെന്റൽ ക്ലിനിക്ക് - ഒന്നാം അർദ്ധവർഷം |
| 10 | മിനി മുത്തൂറ്റ് നിധി, കൂടരഞ്ഞി |
| 11 | സോണി ബാങ്കേഴ്സ്, കൂടരഞ്ഞി |

3. തൊഴിൽനികുതി അടവാക്കാത്ത ജീവനക്കാരുടെ വിവരങ്ങൾ

| ക്രമ നം. | പേര് | ഉദ്യോഗപേര് | ഓഫീസിന്റെ പേര് | റിമാർക്സ് |
|---|---|---|---|---|
| 1 | വിനോദ്കുമാർ.കെ | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | താലൂക്ക് ഓഫീസ്, താമരശ്ശേരി | രണ്ടാം അർദ്ധവർഷം |
| 2 | ബിൻസ് പി ജോൺ | യു.പി.എസ്.എ | LFUPS, പുഷ്പഗിരി | Not Approved രേഖപ്പെടുത്തിയിരിക്കുന്നു. |
| 3 | ബോബി ജോസ്റ്റ് | ഉറുദു പി. ടി | LFUPS, പുഷ്പഗിരി | Not Approved രേഖപ്പെടുത്തി |

| | | | | |
|---|---|---|---|---|
| | | | | യിരിക്കുന്നു. |
| 4 | റിജാസ് ഇ. പി | ജൂനിയർ ഉറുദു പി. ടി | LFUPS, പുഷ്പഗിരി | Parent School ൽ അടവാക്കി . രസീത് ഇല്ല |
| 5 | ഷാജി ജോർജ്ജ് | ലൈബ്രറിയൻ | ടൗൺ സാംസ്കാരിക നിലയം | ദിവസ വേതനം |
| 6 | എം. ആർ ജിജി | ലൈബ്രറിയൻ | പൂവാറൻതോട് സാംസ്കാരിക നിലയം | ദിവസ വേതനം |
| 7 | ജോർജ്ജ് ഫിലിപ്പ് | ഡ്രൈവർ | ഗ്രാമ പഞ്ചായത്ത് | ദിവസ വേതനം |
| 8 | കെ. കെ. നജില | --- | LSGD ഓഫീസ് | ദിവസ വേതനം |
| 9 | ജിൻസി | ഫാർമസിസ്റ്റ് | ആയുർവേദ ഡിസ്പെൻസറി | ദിവസ വേതനം |
| 10 | ഡയസ് ജോസ് | UPSA | സെന്റ് മേരീസ് എച്ച്. എസ്, കക്കാടം പൊയിൽ | Not Approved രേഖപ്പെടുത്തി യിരിക്കുന്നു. |
| 11 | അമൽ ഡേവിഡ് | FTM | സെന്റ് മേരീസ് എച്ച്. എസ് കക്കാടം പൊയിൽ | Not Approved രേഖപ്പെടുത്തി യിരിക്കുന്നു. |

4. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | കരാറുകാരന്റെ പേര് | ഏറ്റെടുത്ത പ്രവർത്തിയുടെ എണ്ണം |
|---|---|---|
| 1 | നാസർ കെ. പി കാവലപറ്റ | 3 |
| 2 | ജോൺ പി. യു, പുളിമൂട്ടിൽ | 11 |
| 3 | ജോയ് അഗസ്റ്റ്യൻ, കിഴക്കേടത്ത് | 3 |
| 4 | ജിബിൻ ജോസ്, അടക്കപ്പാറ | 5 |
| 5 | കെ. എം. മോഹനൻ , കരുവഴിക്കൽ | 17 |
| 6 | റ്റി. വി. സെബാസ്റ്റ്യൻ താണത്തുപറമ്പിൽ | 2 |
| 7 | ജോർജ്ജ് പി. വി പുളിമൂട്ടിൽ | 10 |
| 8 | ഷിനോയ് സി തോമസ് ചക്കാലയ്ക്കൽ | 1 |
| 9 | ബിജോ കെ. പി കാരക്കാട്ട് പുത്തൻപുരയിൽ | 3 |
| 10 | ഷിജിൽ എം. യു | 4 |
| 11 | സണ്ണി ആക്കൽ | 4 |
| 12 | നോബി ജോൺ ഞാറക്കുളം | 3 |
| 13 | ജോമി ജോസ് | 1 |
| 14 | പി. സി ജോർജ്ജ് | 4 |

| | | |
|---|---|---|
| 15 | സിനോ ജോസഫ് | 3 |
| 16 | ജിബിൻ ജോസ് | 3 |

മേൽ സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. കൂടാതെ അപാകതകൾക്ക് വിശദീകരണവും തുടർ വർഷങ്ങളിൽ കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ഓഡിറ്റിന് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി (01/2019-20/25.02.22 ) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന തൊഴിൽ നികുതി അടവാക്കാനുള്ള മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും, ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. കൂടാതെ തനത് വരുമാന ചോർച്ചയില്ലെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്.

1-12 ഷോപ്പിംഗ് കോംപ്ലക്സ് വാടക – ഫയലിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബസ്സ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സിൽ 8 മുറികളാണ് ഉള്ളത്. ആയതിൽ 1 മുറി ഗ്രാമപഞ്ചായത്തിന്റെ ജീപ്പ് ഷെഡ് ആയി ഉപയോഗിക്കുന്നുണ്ട്. 7 മുറികൾ വാടകയ്ക്ക് നൽകുന്നതിൽ നിലവിൽ 3 മുറികൾ (14/508, 14/504 A, 14/509 ) കോഴിക്കോട് മുനിസിഫ് കോടതി II(P) യിൽ O. S 511 നമ്പർ പ്രകാരം കേസിൽ ഉൾപ്പെട്ടതിനാൽ വാടക ഈടാക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. കേസിൽ ഉൾപ്പെട്ട മുറികളുടെ വാടക വാർഷിക കണക്ക് പ്രകാരം ഡിമാന്റ് ചെയ്തായി കാണുന്നില്ല.

ഫയൽ നമ്പർ എ. 4 1511/20 *03*/02/20 പ്രകാരം ശ്രീമതി. ഫാത്തിമ, കോലോത്ത് തൊടില്ല എന്ന വ്യക്തി 2 വർഷത്തോളമായി ഇന്ദിര ചക്കരമാക്കൽ എന്നയാളിൽ നിന്നും മേൽ വാടകയ്ക്ക് 14/508, 14/509 മുറികളിൽ ഫാൻസി കച്ചവടം നടത്തി വരുകയാണെന്നും, പഞ്ചായത്തിൽ നിന്ന് വാടകയ്ക്ക് എടുത്തിരുന്ന ശ്രീമതി. ചക്കരമാക്കലിന് 2018 മാർച്ച് മാസം വരെയും ടിയാരി വാടക നൽകിയിരുന്നുവെന്നും, എന്നാൽ ഇപ്പോൾ കോഴിക്കോട് മുൻസിഫ് കോടതിയിൽ ടിയാളും പഞ്ചായത്തും

കേസ് നടന്ന് വരികയാൽ, മേൽ 2 വർഷത്തേയും ലൈസൻസ് ഫീ ഇനത്തിൽ 5% വർദ്ധനവ് ഉൾപ്പെടെയുള്ള 14/508 റൂമിന്റെ വാടക 29,496/- രൂപയും, 14/509 റൂമിന്റെ വാടക 28,692/- രൂപയും കൂടി ആകെ 58,188/- രൂപയും അടക്കാൻ തയ്യാറാണെന്നും, ആയത് സ്വീകരിക്കണമെന്നും കാണിച്ച് അപേക്ഷ നൽകിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ച 17.03.2008 ലെ സി. 5 - 45002/07 ലെ ഷോപ്പിംഗ് കോംപ്ലക്സ് നിയാമവലി ഖണ്ഡിക 22 പ്രകാരം മുറി ലേലം കൊണ്ടയാൾ യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്. മുറി മറ്റൊരാൾക്ക് കൈമാറ്റം ചെയ്തുകൊടുത്തിട്ടുള്ളതായി ഏതെങ്കിലും സമയത്ത് സെക്രട്ടറിക്ക് തോന്നുന്നവെങ്കിൽ അങ്ങനെയുള്ള ആൾക്ക് കൊടുത്തിട്ടുള്ള ലൈസൻസ് ഉടൻ തന്നെ ഉത്തരവ് വഴി റദ്ദാക്കേണ്ടതും, കൈവശം വെച്ചിരിക്കുകയോ, ഉപയോഗിക്കുകയോ ചെയ്യുന്ന ആളോട് ഉത്തരവിൽ പറഞ്ഞിട്ടുള്ള സമയത്തിനുള്ളിൽ ഒഴിഞ്ഞ് പോകാൻ നിർദ്ദേശിക്കുകയും ചെയ്യേണ്ടതുമാണ്. എന്നാൽ മേൽ ഗ്രാമപഞ്ചായത്തിന്റെ തന്നെ താഴത്തെ നിലയിൽ പ്രവർത്തിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിൽ മുറികൾ മേൽ വാടകയ്ക്ക് നൽകിയിട്ടുണ്ടെന്ന് മേൽ പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

ഷോപ്പിംഗ് കോംപ്ലക്സ് നിയാമവലി ഖണ്ഡിക 17 പ്രകാരം ലേലം കൊണ്ടയാൾ മുറിയുടെ പ്രതിമാസ വാടക അതാതു മാസം 5-ാം തീയതിക്ക് മുൻപായി പഞ്ചായത്താഫീസിൽ അടക്കേണ്ടതാണ്. വാടക യഥാസമയം അടക്കുന്നതിൽ വീഴ്ച വരുത്തിയാൽ നിശ്ചിത തീയതി മുതൽ പണം അടക്കുന്ന തീയതി ഉൾപ്പെടെയുള്ള കാലത്തേക്ക് പ്രതിമാസം 2% പിഴപലിശയോട്ടുകൂടി അടക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ കേസിൽ ഉൾപ്പെട്ട വാടക മുറികളുടെ വാടക ഡിമാന്റ് ചെയ്തിട്ടില്ല. ആയതിന് കാരണം വ്യക്തമല്ല.

ഗ്രാമപഞ്ചായത്ത് വാടക മുറികളിൽ നിലവിൽ ലേലം കൊണ്ട വ്യക്തികൾ ആരെങ്കിലും, മുറികൾ മേൽ വാടകയ്ക്ക് നൽകിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന വിവരവും, കേസിൽ ഉൾപ്പെട്ട വാടക മുറികളുടെ വാടക ഡിമാന്റ് ചെയ്യാത്തതിനുള്ള കാരണവും വ്യക്തമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/2019-20/ 25.02.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഷോപ്പിംഗ് കോംപ്ലക്സ് നിയാമവലി ഖണ്ഡിക 22 പ്രകാരം മുറി ലേലം കൊണ്ടയാൾ യാതൊരു കാരണവശാലും മറ്റൊരാൾക്ക് കൈമാറ്റം ചെയ്യുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും, കേസിൽ ഉൾപ്പെട്ട വാടക മുറികളുടെ വാടക ഡിമാന്റ് ചെയ്യാത്തതിന് കാരണം വ്യക്തമാക്കേണ്ടതും, തനത് വരുമാനം വരുമാനം കൃത്യസമയത്ത് ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കൂടാതെ കേസിന്റെ പുരോഗതി വിവരവും അറിയിക്കേണ്ടതുമാണ്.

1-13 തുടർസാക്ഷരത - പദ്ധതിനടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 100/19-20 |
| പ്രോജക്ടിന്റെ പേര് | തുടർസാക്ഷരത |
| വകയിരുത്തിയ തുക | 50,000/- (വികസനഫണ്ട് - പൊതു.) |
| ചെലവഴിച്ചതുക, ബിൽ നമ്പർ | 49950/- (2/3.02.20) |

കുമ്പാറ ജി. ടി. എൽ. പി. സ്കൂൾ ഹെഡ്മിസ്ട്രസ് നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം നാലാം തരം തുല്യത പഠിതാക്കൾക്ക് ക്ളാസ് എടുത്ത വകയിലും ഭക്ഷണം നൽകിയതിനുമായാണ് പദ്ധതി പണം ചെലവഴിച്ചിട്ടുള്ളത്. സാക്ഷരതാ പ്രേരക് മാരായ ശ്രീ. സുഷാന്ത് ബാബു, ശ്രീമതി കത്രീന എന്നിവർ 24,000/- രൂപ വീതം ക്ളാസ് എടുത്ത വകയിൽ വേതനമായി കൈപ്പറ്റിയിയിട്ടുണ്ട്. 6/2019 മുതൽ 11/2019 വരെ പ്രതിമാസം 4,000/- രൂപ വീതമാണ് നൽകിയിട്ടുള്ളത്. ഇതിനുപുറമെ 1,950/- രൂപ ഭക്ഷണ ചെലവിലേക്കായി നൽകിയിട്ടുണ്ട്.

29.01.2108 – ലെ സ. ഉ. (കൈ)നം.11/2018/തസ്വഭവ. ഖണ്ഡിക7.6(13) പ്രകാരം സാക്ഷരതാ മിഷന്റെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സാക്ഷരതാ കേന്ദ്രങ്ങളിലെ ഭൌതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക, മിഷൻ പ്രസിദ്ധീകരിക്കുന്ന പാഠപുസ്തകങ്ങളുടെ വില നൽകുക, സാക്ഷരതാ മിഷന് അടക്കേണ്ടതായ ഫീസ് എന്നിവക്ക് വേണ്ടിയുള്ള പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ സാക്ഷരതാ പ്രേരക് മാർക്ക് വേതനം നൽകുന്നതിനും പഠിതാക്കൾക്ക് ഭക്ഷണം നൽകുന്നതിനുമാണ് പദ്ധതി പണം ചെലവഴിച്ചിരിക്കുന്നത്. പദ്ധതി മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി പണം ചെലവഴിച്ചതിനു വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/28.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗനിർദ്ദേശത്തിനു വിരുദ്ധമായി പദ്ധതി പണം ചെലവഴിച്ചത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത ഇനങ്ങൾക്ക് പദ്ധതിപ്പണം ചെലവഴിക്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങേണ്ടതായിരുന്നു. ചെലവ് തടസ്സത്തിൽ വെക്കുന്നു. മുൻകൂർ അനുമതി വാങ്ങാതെ പണം ചെലവഴിച്ചതിന് സാധൂകരണം വാങ്ങേണ്ടതാണ്.

1-14 പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രൊജക്ട് | ചെലവ് | കരാറു കാരൻ, എഗ്രി. നമ്പർ, തിയ്യതി. | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീ കരണ കാല യളവ് സൈറ്റ് കൈമാ റിയ തിയ്യതി | പ്രവൃത്തി പൂർത്തീ കരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീ കരണം വൈകിയ കാല യളവ് ഈടാ ക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാന ത്തിൽ | | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 169/19-20 (S.o) കക്കാടം പൊയിൽ, പൂവാറൻതോട് ഗവ. എൽ. പി.സ്കൂളുകൾക്ക് ടോയ്‌ലറ്റ് നിർമ്മാണം | 534259 ചെക്ക്നം 21901143/ 30.3.20- 291918 സംസ്ഥാ നാവിഷ്കൃത ഫണ്ട് ചെക്ക് നം. 21901146/ 30.3.20- 242341 തനത് ഫണ്ട് | സിനോ ജോസഫ് AE/LSGD/ KDH/19/ 18-19 Dtd.5.3.19 | 6.മാസം 5.3.19 | 21.3.20 M B00k.192/ 17-18,44/ 18-19 | 643898 | പി.എ. സി തുക 643898 രൂപ യുടെ 3% | 19316 |
| 2. | 138/20 (S.o) സ്കൂളുകൾക്ക് വേസ്റ്റ്പിറ്റ് നിർമ്മാണം | 45712 മെയിന്റൻസ് ഫണ്ട് (റോഡിതരം) ബിൽനം 2/19-20. /13.6.19.3949 22/27.6.19 | സിനോ ജോസഫ് AE/LSGD/ KDH/62/ 17-18 Dtd.23.3.18 | 3മാസം 23.3.18 | 24.3.19 Mbook209/ 18-19 | 100000 | പി.എ. സി തുക 100000 രൂപ യുടെ 3% | 3000 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | /41763 | | | | | | |
| 3 | 139/20(s.o). കുടരഞ്ഞി ടൗൺ ബസ്സ് വെയിറ്റിംഗ് ഷെഡ് | 738764 വി.ഫണ്ട് 5/19-20/ 14.6.19.531297 10/27.6.19. 207467 | സിനോ ജോസഫ് AE/LSGD/ KDH/66/ 17-18 Dtd.26.3.18 | 6മാസം 26.3.18 | 31.3.19 Mbook206/ 18-19, 210-17-18, 206/18-18, 210/18-19, 216/18-19, 184/18-19 | 773459 | പി.എ. സി തുക 773459 രൂപ യുടെ 3% | 23203 |
| 4 | 148/20 പാടോത്ത് തീരം മുല്ലോളി പറമ്പ് റോഡ് (So) | 150000 ധനകാര്യ കമ്മീഷൻ അവാർഡ്. 150000/15/ 27.6.19 | സിനോ ജോസഫ് AE/LSGD/ KDH/70/ 17-18 Dtd.26.3.18 | 6 മാസം 26.3.18 | 24.3.19 Mbook.234/ 18-19 | 150000 | പി.എ. സി തുക 150000 രൂപ യുടെ 3% | 4500 |
| 5 | 147/20(so) ശങ്കരൻ കോളനി ഫുട്പാത്ത് | 177096 ധനകാര്യ കമ്മീഷൻ അവാർഡ് 177096/27/ 26.6.19 | സിനോ ജോസഫ് AE/LSGD/ KDH/63/ 17-18 Dtd.23.3.18 | 3 മാസം 23.3.18 | 21.3.19 M Book47/ 18-19 | 230000 | പി.എ. സി തുക 230000 രൂപ യുടെ 3% | 6900 |
| ആകെ | | | | | | | | 56919 |

1.2.2012 തീയ്യതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ള്യ.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site

കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എം.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പിഴ തുക 56,919/- രൂപ ഈടാക്കേണ്ടതാണ്.

1-15 ഗർഭിണികിടാരിക്കുപകരം കന്നുകുട്ടിയെ വാങ്ങി - നിശ്ചിത സമയപരിധി പൂർത്തിയാക്കാതെ വില്പനയും നടത്തി.

| | |
|---|---|
| പ്രോജക്ട് നം. | 39/19-20 |
| പ്രോജക്ടിന്റെ പേര് | ഗർഭിണിയായ കിടാരി വളർത്തൽ - ജനറൽ വനിത |
| വകയിരുത്തിയ തുക | 730,000/-(വികസന ഫണ്ട്-പൊതു.)<br>12000/-(തനത് ഫണ്ട്)<br>742000/-(ഗു. വിഹിതം) |
| ചെലവഴിച്ച തുക, ചെക്ക് നമ്പർ | 294000/-(21362/31.10.19)<br>56000/-(19754/27.2.20)<br>56000/-(19789/30.3.20) |

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം 14000/- രൂപ സബ്സിഡിയും 14000/- രൂപ ഗുണഭോക്തൃ വിഹിതവുമായി 29 ഗർഭിണി കിടാരികളെ വാങ്ങി നൽകുന്നതിന് 2019-20 ൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 4,06,000/- രൂപയും 2020-21 ൽ വികസന ഫണ്ടിനത്തിൽ 4,06,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്.

26.02.22 – ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ വാർഡ് ഒന്നിലെ ഗുണഭോക്താക്കളായ ഷൈല ജോർജ് അക്കരതകിടിയിൽ, ഓമന ഈട്ടിക്കുട്ടത്തിൽ എന്നവരുടെ വീടുകളിൽ പശുക്കളെ നേരിൽ കാണുന്നതിനായി സന്ദർശനം നടത്തുകയുണ്ടായി. ഷൈല ജോർജ്

അക്കരതകിടിയിൽ എന്നവരുടെ പശുവിനെ നേരിൽ കണ്ടു ബോധ്യപ്പെട്ടു. എന്നാൽ ഗർഭിണിയായ കിടാരിയെ തന്നെയാണോ പദ്ധതി കാലയളവിൽ വാങ്ങിയിരുന്നത് എന്ന് ഉറപ്പുവരുത്താനായിട്ടില്ല. മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓമന ഈട്ടിക്കൂട്ടത്തിൽ എന്നവർ പദ്ധതിപ്രകാരം കന്നുകുട്ടിയെയാണ് വാങ്ങിയിരുന്നതെന്നും ആയത് ഗർഭിണിയാകാത്തതിനാൽ വില്പന നടത്തിയതായും ഗുണഭോക്താവു തന്നെ മൊഴി നൽകിയിട്ടുണ്ട്. മാത്രമല്ല പ്രസ്തുത ഗുണഭോക്താവിന് 2021-22 – ലും കിടാരി വളർത്തൽ പദ്ധതിപ്രകാരം കിടാരിയെ നൽകിയിട്ടുണ്ട്. മൂന്ന് വർഷത്തിനുള്ളിൽ ഉരുവിനെ വില്പന നടത്തില്ലെന്നതു സംബന്ധിച്ച് കരാർ ചമച്ചതായി കാണുന്നില്ല. ഗുണഭോക്താക്കൾ പ്രോജക്ട് പ്രകാരമുള്ള പശുവിനെയാണ് വാങ്ങിയതെന്ന് പർച്ചേസിംഗ് കമ്മറ്റിയോ മോണിറ്ററിംഗ് കമ്മറ്റിയോ ഉറപ്പുവരുത്തിയിട്ടില്ല. കന്നുകുട്ടിയെ വാങ്ങുന്നതിന് പരമാവധി നൽകാവുന്ന സബ്സിഡി 8000/- രൂപയാണെന്നിരിക്കെ ഗർഭിണികിടാരിയെ വാങ്ങിയതായി കണക്കാക്കി 14000/- രൂപ സബ്സിഡി അനുവദിച്ചു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും മറ്റെല്ലാ ഗുണഭോക്താക്കളുടെയും കിടാരികളെ നേരിൽ പരിശോധിച്ച് നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യേണ്ടതുമാണെന്ന് കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/28.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പരിശോധനാ റിപ്പോർട്ട് ഓഡിറ്റിനു ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ആവശ്യകതാ നിർണ്ണയത്തിനു ശേഷം മാത്രം പദ്ധതി തയ്യാറാക്കേണ്ടതും ഗുണനിലവാരമുള്ള ഉരുക്കളെ തന്നെയാണ് വാങ്ങിയതെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്. തൽസ്ഥിതി റിപ്പോർട്ടും അപാകതകളുടെ മറുപടിയും ലഭ്യമാക്കുന്നതു വരെ ചെലവു തുക തടസ്സത്തിൽ വെക്കുന്നു.

1-16 ഗാർഹിക ബയോഗ്യാസ് പ്ളാന്റുകൾ ഉപയോഗപ്പെടുത്തുന്നില്ല.

| | |
|---|---|
| പ്രോജക്ട് നം. | 142/20 (SO) |
| പ്രോജക്ടിന്റെ പേര് | ഗാർഹിക ബയോഗ്യാസ് യൂണിറ്റ് |
| വകയിരുത്തിയ തുക | 5250/- (തനത് ഫണ്ട്)<br>157500/- (മറ്റുള്ളവ) |
| ചെലവഴിച്ചതുക, ചെക്ക് നമ്പർ | 5250/- (19791/30.03.20)<br>157500/- (19790/30.03.20) |
| നിർവ്വഹണം | വി. ഇ. ഒ |

മേൽ പ്രോജക്ട് പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 30 വീടുകളിലെ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ സംസ്കരിക്കുന്നതിന് വേണ്ടി 0.5 ക്യൂബിക് മീറ്റർ ശേഷിയുള്ള വാട്ടർ ജാക്കറ്റോടു കൂടിയ ബയോഗ്യാസ് പ്ലാന്റുകൾ ഐ. ആർ. ടി. സി. മുഖേന സ്ഥാപിച്ചിട്ടുണ്ട്. 10,500 രൂപ യൂണിറ്റ് കോസ്റ്റുള്ള പ്ലാന്റിന് 50% സബ്സിഡിയും 50% ഗുണഭോക്തൃ വിഹിതവുമാണ് ചെലവഴിച്ചത്. ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് ഐ. ആർ. ടി. സി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

26.2.2022 ന് ഓഡിറ്റിന്റെ ഭാഗമായി നടത്തിയ സ്ഥല പരിശോധനയിൽ വാർഡ് - 5 ലെ ഗുണഭോക്താക്കളായ ആലീസ് തോമസ് ഉഴുന്നാലിൽ, സുശീല മുണ്ടപ്ളാക്കിൽ എന്നിവരുടെ വീടുകളിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റുകൾ സന്ദർശിച്ചു. രണ്ടു വീടുകളിലും പ്ലാന്റ് ഉപയോഗിക്കുന്നില്ല. പ്രസ്തുത വാർഡിലെ ഷാജു മാതൃുവിന്റെ വീട്ടിൽ സ്ഥാപിച്ച ബയോഗ്യാസ് പ്ലാന്റ് നല്ല രീതിയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. ആവശ്യകത പരിഗണിക്കാതെ ബയോഗ്യാസ് പ്ലാന്റുകൾ വാങ്ങി വിതരണം ചെയ്തതിനും വിതരണം ചെയ്തവ ഉപയോഗപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/28.02.22) മറുപടി ലഭ്യമാക്കിയിട്ടില്ല. വിതരണം ചെയ്ത മൊത്തം പ്ലാന്റുകളും പരിശോധിച്ച് തൽസ്ഥിതി റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഉപയോഗിക്കാത്ത പ്ലാന്റുകൾ തിരിച്ചെടുത്ത് ആവശ്യക്കാർക്ക് വിതരണം ചെയ്യേണ്ടതുമാണ്.

1-17 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ - പ്രോജക്ട് നിർവ്വഹണം അപാകതകൾ

ഗ്രാമപഞ്ചായത്ത് 2 പ്രോജക്ടുകൾ മുഖേന ക്രൂസിൽ നിന്നും എൽ. ഇ. ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി താഴെ കൊടുത്ത പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേര് | 141 (സ്പിൽ ഓവർ) | 172/20 (പുതിയത്) |
|---|---|---|
| വകയിരുത്തിയ തുക | 760000 (സി.എഫ്.സി ഗ്രാന്റ്) | 491514 (സി.എഫ്.സി ഗ്രാന്റ്) |
| ചെലവു തുക | 757619 | 490485 |
| ബിൽ നമ്പർ | 5/28-6-19 | 30/31-1-20 |

12,48,104/- രൂപ ചെലവഴിച്ച് ക്രൂസിൽ നിന്നും എൽ. ഇ. ഡി സ്ട്രീറ്റ് ലൈറ്റുകൾ വാങ്ങി ക്രൂസ് മുഖേന തന്നെ ഗ്രാമ പഞ്ചായത്തിന്റെ 14 വാർഡുകളിലുള്ള പോസ്റ്റുകളിൽ സ്ഥാപിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സ്ട്രീറ്റ് ലൈറ്റ് ഇനം | എണ്ണം | വില |
|---|---|---|---|
| 1 | 18 W LED STREET LIGHTNING AUTOMATIC OPERATION INCLUDING | 276 | 757619 |

| | | | |
|---|---|---|---|
| | INSTALLATION | | |
| 2 | 18 W LED STREET LIGHTNING AUTOMATIC OPERATION INCLUDING INSTALLATION | 206 | 490485 |
| ആകെ | | 482 | 12,48,104 |

പ്രോജക്ട് നിർവ്വഹണത്തിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1. പ്രോജക്ട് പ്രകാരം മുൻ വർഷങ്ങളിൽ സ്ഥാപിച്ചതിൽ പ്രവർത്തിക്കാത്ത വിളക്കുകൾ മാറ്റി സ്ഥാപിക്കാനാണോ പുതിയ തെരുവുവിളക്കുകൾ സ്ഥാപിക്കാനാണോ പദ്ധതി ലക്ഷ്യമിടുന്നതെന്ന് വ്യക്തമല്ല.

2. പദ്ധതി ആസൂത്രണത്തിനു മുമ്പ് ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള പ്രവർത്തിക്കുന്നതും പ്രവർത്തിക്കാത്തതുമായ തെരുവ് വിളക്കുകകളുടെ കണക്കെടുപ്പ് നടത്തിയതായി കാണുന്നില്ല

3. മുൻവർഷങ്ങളിൽ സ്ഥാപിച്ച ഏതെല്ലാം ലൈറ്റുകളാണ് മാറ്റി സ്ഥാപിച്ചതെന്നോ അത്തരം ലൈറ്റുകളുടെ വാറണ്ടി കാലാവധി സംബന്ധിച്ചോ വിവരം ലഭ്യമല്ല.

4. സ. ഉ. (സാധാ.)നം. 1093/2017/ത.സ്വ.ഭ.വ./തീ.5.04.2017 ഉത്തരവു പ്രകാരം, ക്രൂസിന്റെ അനുബന്ധ സ്ഥാപനമായ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL) സ്വന്തമായി ഉൽപാദിപ്പിക്കുന്ന ഇലക്ട്രിക്കൽ ഉപകരണങ്ങൾ ടെണ്ടർ കൂടാതെ നേരിട്ട് വാങ്ങുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മേൽപറഞ്ഞ എൽ. ഇ. ഡി. വിളക്കുകൾ കേരള ഗ്രാമജ്യോതി ലൈറ്റിംഗ് (KGL) സ്വന്തമായി ഉൽപാദിപ്പിച്ചതാണെന്നതിനുള്ള സാക്ഷ്യപത്രം ക്രൂസിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

5. തെരുവു വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും 15.09.2011 – ലെ 3055/ഡി.എ-3/2011/ ത.സ്വ.ഭ.വ. നമ്പർ സർക്കുലറിലെ മാനദണ്ഡങ്ങൾ കർശനമായും പാലിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട് (സർക്കുലർ നം.269/ഡി.എ-3/2018/ത.സ്വ.ഭ.വ./തീയതി 29.05.2018). ഇതനുസരിച്ച് കരാറുകാരൻ കെ. എസ്. ഇ. ബി യിലെ ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനിലെ അസി. എഞ്ചിനീയറുടെ അംഗീകാരത്തോടെയും, കെ. എസ്.ഇ. ബി. ജീവനക്കാരുടെ മേൽനോട്ടത്തിലും പ്രവൃത്തി നിർവ്വഹിക്കേണ്ടതാണ്. ക്രൂസുമായി വച്ച കരാർ (നിബന്ധന 6) പ്രകാരം തെരുവു വിളക്കുകൾ സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബി യുടെ അനുവാദവും സൂപ്പർ വിഷനും പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ തരപ്പെടുത്തേണ്ടതാണ്. എന്നാൽ ഇപ്രകാരം പ്രവൃത്തി നിർവ്വഹിച്ചതിന് കെ. എസ്. ഇ. ബി യിൽ നിന്നുള്ള അനുമതിപത്രം ലഭ്യമാക്കിയിട്ടില്ല.

7. ഗ്രാമപഞ്ചായത്ത് തെരുവു വിളക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തു പരിധിയിലെ വിളക്കുകളുടെ എണ്ണം, തരം എന്നിവ രജിസ്റ്റർ എഴുതിത്തുടങ്ങിയ കാലത്തുള്ളതാണ്

രേഖപ്പെടുത്തിയിരിക്കുന്നത് (2010-11 കാലയളവ്). പിന്നീടുള്ള കാലയളവിൽ സ്ഥാപിക്കുന്ന വിളക്കുകളുടെയും റിപ്പയർ ചെയ്ത വിളക്കുകളുടെയും വിവരം മാത്രം എഴുതിചേർക്കുകയാണ് ചെയ്യുന്നത്. ക്രമ നമ്പർ 2 പ്രകാരം 206 18W എൽ. ഇ. ഡി വിളക്കുകളും സ്ഥാപിച്ച വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ വിളക്കുകളെ സംബന്ധിച്ച് കെ. എസ്. ഇ. ബി യുമായി സംയുക്ത പരിശോധന നടത്തി ഇനം തിരിച്ച് കൃത്യമായി കണക്കാക്കി ആയതിനനുസരിച്ച് രജിസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

8. ക്രൂസിന്റെ ഇൻസ്റ്റലേഷൻ റിപ്പോർട്ടും വാർഡു മെമ്പർമാരുടെ സാക്ഷ്യപത്രവും താരതമ്യം ചെയ്യാതെ തുക നൽകി.

ക്രമ നമ്പർ 1 പ്രകാരം 276 18 W എൽ. ഇ. ഡി വിളക്കുകളും ക്രമ നം.പർ 2 പ്രകാരം 206 18 W എൽ. ഇ. ഡി വിളക്കുകളും സ്ഥാപിച്ചതായി ക്രൂസ് റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിലും ഫയൽ പ്രകാരം യഥാക്രമം 252 എണ്ണവും 206 എണ്ണവും സ്ഥാപിച്ച സാക്ഷ്യപത്രങ്ങൾ മാത്രമേ വാർഡ് മെമ്പർമാർ നൽകിയിട്ടുള്ളൂ.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെ ന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (2/25-2-22) മറുപടി നൽകിയിട്ടില്ല. അപാകതകൾ പരിശോധിച്ച് വ്യക്തമായ രേഖകൾ സഹിതം മറുപടി നൽകേണ്ടതും പഞ്ചായത്ത് പരിധിയിലെ പ്രവർത്തനക്ഷമമായ വിളക്കുകളെ സംബന്ധിച്ച് കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി ഇനം തിരിച്ച് കൃത്യമായി കണക്കാക്കി ആയതിനനുസരിച്ച് രജിസ്റ്റർ കാലികമാക്കി അറിയിക്കേണ്ടതുമാണ്.

## 1-18 വരൾച്ചാ ദുരിതാശ്വാസ കുടിവെള്ള വിതരണം - നിർവ്വഹണത്തിലെ അപാകതകൾ

2019-20 വർഷം കുടിവെള്ള വിതരണത്തിനായി താഴെ കൊടുത്തിരിക്കുന്ന പ്രകാരം തനതു ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | സാംഖ്യ വൗച്ചർ നമ്പർ / തീയതി | ചെലവ് തുക |
|---|---|---|
| 1 | 21900022/2-4-2019 | 44,200 |
| 2 | 21900068/20-4-2019 | 1,87,000 |
| 3 | 21900121/9-5-2019 | 57,800 |
| 4 | 21900122/9-5-2019 | 68,000 |
| 5 | 21900123/9-5-2019 | 1,16,280 |

| | | |
|---|---|---|
| 6 | 21900159/30-5-2019 | 2,24,400 |
| 7 | 21900209/12-6-2019 | 1,51,640 |
| 8 | 21900242/29-6-2019 | 1,55,040 |
| | ആകെ | 10,04,360 |

വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി പത്രപരസ്യം വഴി 21-3-2019 ന് നടത്തിയ ടെണ്ടറിൽ 3 പേർ പങ്കെടുക്കുകയും ആയതിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. അജ്മൽ വി, ഉമ്മത്തൂർ, കുമാരനെല്ലൂർ എന്നയാളുടെ ടെണ്ടർ ഭരണ സമിതി ഐകകണ്ഠേന അംഗീകരിക്കുകയും ചെയ്തു. ആയതു പ്രകാരം ലിറ്റർ ഒന്നിന് 68 പൈസ നിരക്കാണ് നിശ്ചയിച്ചത്. പഞ്ചായത്ത് പരിധിയിൽ മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ കരാറുകാരൻ കുടിവെള്ള വിതരണം നടത്തിയിട്ടുണ്ട്. കുടിവെള്ള വിതരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) <u>കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്ലപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല .</u>

കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ് 3 ാം പട്ടിക പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ യോഗ തീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ലാ കളക്ടർമാർക്ക് നൽകി റീക്ലപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-19 -ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്ലപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിക്കാത്തതിനാൽ 10,04,360 രൂപ തനതു ഫണ്ട് പഞ്ചായത്തിന്

നഷ്ടമാകുന്ന അവസ്ഥയുണ്ട്.

2) ജലവിതരണത്തിനുള്ള നിരക്ക് നിശ്ചയിച്ചത് സർക്കാർ നിർദ്ദേശ പ്രകാരമല്ല

ദുരന്ത നിവാരണ വകുപ്പിന്റെ 23.02.2017 ലെ 787/2017/ഡി.എം.ഡി നമ്പർ ഉത്തരവ് ഖണ്ഡിക 4 (G) പ്രകാരം ജല വിതരണത്തിന് കിലാമീറ്റർ അടിസ്ഥാനത്തിലാണ് റേറ്റ് നിർണ്ണയിക്കേണ്ടതെന്നും ജില്ലാ കലക്ടർ നിർണ്ണയിക്കുന്ന നിരക്കിനേക്കാളും കുറഞ്ഞ നിരക്കിൽ ആണ് ഗ്രാമ പഞ്ചായത്തുകൾ ജലവിതരണം നടത്തേണ്ടത് എന്നും നിർദ്ദേശിക്കുന്നുണ്ട്. എന്നാൽ മേൽ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ ലിറ്റർ അടിസ്ഥാനത്തിലാണ് ഗ്രാമ പഞ്ചായത്ത് ജല വിതരണത്തിന് നിരക്ക് നിശ്ചയിച്ചതും കരാറുകാരന് തുക നൽകിയതും.

3) ആദായ നികുതി ഈടാക്കാതെ കരാറുകാർക്ക് തുക നൽകി

1961 - ലെ ആദായ നികുതി നിയമം വകുപ്പ് 194 (സി) പ്രകാരം കരാറുകാരന് നൽകിയ തുകയിൽ നിന്ന ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ അടവാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. എന്നാൽ 2019-20 - ലെ വരൾച്ചാ കാലങ്ങളിൽ കുടിവെള്ള വിതരണത്തിനായി 10,04,360 രൂപ ചെലവഴിച്ചപ്പോൾ കരാറുകാരിൽ നിന്നും ആദായ നികുതിയിനത്തിൽ തുക ഈടാക്കിയിട്ടില്ല.

4) ഫുഡ് & സേഫ്റ്റി നിയമ പ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പു വരുത്താതെ കുടിവെള്ള വിതരണം നടത്തി.

2006 - ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവള്ളം വിതരണം ചെയ്യുന്ന ടാങ്കർ ലോറികളിലും മറ്റു വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം.

എന്നാൽ കുടിവള്ളം വിതരണം നടത്തിയ വാഹനങ്ങൾക്ക് എഫ്.ബി.ഒ. ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന

ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടുകൾ ഫയലിൽ ലഭ്യമാക്കിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെ ന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 10/2019-20 തീയതി 26.2.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വ്യക്തമായ രേഖകൾ സഹിതം മറുപടി ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

1-19 MGNREGS - പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യുന്നത് നിയമാനുസൃതമല്ല

2019-20 വർഷത്തെ വിവിധ പ്രവൃത്തികൾക്കാവശ്യമായ വിവിധങ്ങളായ മെറ്റീരിയൽ ലഭിക്കുന്നതിന് ഓരോ പ്രവൃത്തിയും ടെണ്ടർ ചെയ്യുകയും, കുറഞ്ഞ തുക ക്വോട്ട് ചെയ്ത കരാറുകാരുമായി കരാർ വച്ച് സാധനങ്ങൾ ശേഖരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. ടെണ്ടർ ഫയൽ പരിശോധിച്ചതിൽ 30-7-2019 ൽ 32 പ്രവൃത്തികൾക്ക് മെറ്റീരിയൽ വിതരണം ചെയ്യാൻ ടെണ്ടർ ക്ഷണിച്ചതിൽ എല്ലാ പ്രവൃത്തികൾക്കും രണ്ട് ടെണ്ടർ മാത്രം ലഭിച്ചതായും കുറഞ്ഞ ടെണ്ടർ തുക എസ്റ്റിമേറ്റ് നിരക്കായതിനാൽ, എസ്റ്റിമേറ്റ് നിരക്കിൽ എല്ലാ പ്രവൃത്തികളും കരാർ വച്ച് കൈമാറിയതായും ബോധ്യപ്പെട്ടിട്ടുണ്ട്. മൊത്തം പ്രവൃത്തികൾ വിലയിരുത്തിയതിൽ ശരാശരി 4 കരാറുകാർ 70% പ്രവൃത്തികളും താഴെ കൊടുത്ത പ്രകാരം വീതം വെച്ചെടുത്തതായി കാണുന്നു.

| ക്രമ നം. | കരാറുകാരൻ | പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | ഷിജിൽ. എം. യു. | 8 |
| 2 | ടി. വി. സെബാസ്റ്റ്യൻ | 8 |
| 3 | ജോർജ്ജ് പി. സി | 4 |
| 4 | ജോൺ. പി. യു | 2 |
| 5 | ഷാജു. എം. എം | 5 |
| 6 | ഷക്കീന സലീം | 2 |

| | | |
|---|---|---|
| 7 | സിനോ ജോസഫ് | 2 |
| 9 | ജോസ് കോച്ചേരി | 1 |

മേല്പറഞ്ഞതിൽ നിന്നും മെറ്റീരിയൽ ആവശ്യമായ പ്രവൃത്തികൾക്ക് സാധനങ്ങൾ ശേഖരിക്കപ്പെട്ടത് മത്സരാധിഷ്ഠിതമായല്ലെന്ന് കാണാം. ഇത്തരം പ്രവൃത്തികൾ എപ്രകാരം നിർവ്വഹിക്കണമെന്ന് നിർദ്ദേശിച്ച കൊണ്ടുള്ള 31.1.2012 ലെ 93/2012/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ നിഷ്കർഷിക്കുന്ന വിധത്തിൽ സാധനങ്ങൾ സമാഹരിക്കാത്തതാണ് ഇതിലേക്ക് നയിച്ചതെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ലേബർ ബജറ്റും വാർഷിക കർമ്മ പദ്ധതിയും അന്തിമമായി ജില്ലാ തലത്തിൽ അംഗീകരിച്ച കഴിഞ്ഞാൽ ഓരോ അർദ്ധ വർഷത്തിൽ/മാസത്തിൽ സാധന സാമഗ്രികൾ/വിദഗ്ദ, അർദ്ധവിദഗ്ദ തൊഴിലാളികൾ എന്നിവ ഉപയോഗിച്ച് നിർവ്വഹിക്കേണ്ട പദ്ധതികളുടെ മുൻഗണന, പഞ്ചായത്തിൽ ഇതിനായി നിയോഗിച്ച സബ്കമ്മിറ്റി നിശ്ചയിക്കേണ്ടതാണെന്ന് മേൽ ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്. ഗ്രാമപഞ്ചായത്ത് പ്രവൃത്തികൾ അംഗീകരിച്ച് കഴിഞ്ഞാൽ ഉടനെ പ്രവത്തികളുടെ വിശദമായ എസ്റ്റിമേറ്റ്, ഇതിനായി നിയോഗിക്കപ്പെട്ട എഞ്ചിനീയറിംഗ് വിംഗ് തയ്യാറാക്കേണ്ടതും, ഓരോ പ്രവൃത്തിക്കും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും അളവ്/എണ്ണം എന്നിവ ഈ എസ്റ്റിമേറ്റ് അടിസ്ഥാനപ്പെടുത്തി കണക്കാക്കേണ്ടതുമാണെന്നും ഉത്തരവിൽ നിഷ്കർഷിക്കുന്നു. ഈ രണ്ട് നടപടികളും പൂർത്തീകരിക്കുമ്പോൾ ഓരോ മാസവും ആവശ്യമായ സാധനങ്ങളുടേയും മനുഷ്യദിനങ്ങളുടേയും വ്യക്തമായ കണക്ക് ലഭിക്കുന്നതാണ്. സാധനങ്ങളുടെ ആവശ്യകത കണക്കാക്കിയതിനു ശേഷം ഇവ ആറു മാസകാലയളവിലേക്ക് വിതരണം ചെയ്യുന്നവരെ തെരെഞ്ഞടുക്കുന്നതിന്, ആവശ്യമായ പരസ്യം നല്കി ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതും വിതരണക്കാരെ തെരെഞ്ഞെടു ക്കേണ്ടതുമാണ്. കൂടുതൽ മത്സരക്ഷമതയുള്ള ടെണ്ടർ ലഭിക്കുന്നതിന് ഇ ടെണ്ടർ നടപടികൾ സ്വീകരിക്കാവുന്നതുമാണ്. ഓരോ മാസവും വിതരണം ചെയ്യേണ്ട സാധനങ്ങളുടെ അളവ്, സ്ഥലം, സ്പെസിഫിക്കേഷൻ, തീയതി തുടങ്ങിയ കാര്യങ്ങൾ സെക്രട്ടറി, ആ മാസം തുടങ്ങുന്നതിനു മുമ്പുള്ള ഒരാഴ്ചക്കം തന്നെ തെരെഞ്ഞെടുത്ത സ്ഥാപനങ്ങളെ അറിയിക്കേണ്ടതും, സാധനങ്ങൾ വിതരണം ചെയ്താൽ എഞ്ചിനീയർ അവ ഏറ്റുവാങ്ങി അളവെടുക്കേണ്ടതുമാണ്. വളരെ സുതാര്യമായതും പരമാവധി സാമ്പത്തിക മെച്ചം ലഭിക്കുന്നതുമായ മേൽ നടപടിക്രമം സ്വീകരിക്കാതെ, ഓരോ പ്രവൃത്തിക്കും ആവശ്യമായ മുഴുവൻ സാധനങ്ങളും ഓരോ കരാറുകാരിൽ നിന്നും എസ്റ്റിമേറ്റ് നിരക്കിൽ വാങ്ങിയത് ഉത്തമ സാമ്പത്തിക താല്പര്യത്തോടെയല്ല. അർദ്ധ വർഷത്തിൽ ആവശ്യമായ മൊത്തം സാധനങ്ങൾ വിതരണം ചെയ്യുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ ക്വാറി ഉടമകൾ/അംഗീകൃത ഏജൻസികൾ ഓരോ ഇനത്തിനും ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യാൻ സാധ്യതയുണ്ടെന്നിരിക്കെ, ഈ സാധ്യത പരിഗണിക്കാത്തത് എന്തു കൊണ്ടാണെന്നത് വിശദീകരിക്കേണ്ടതാ ണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്

(14/26-2-22) മറുപടി നൽകിയിട്ടില്ല. ഇക്കാര്യത്തിൽ മറുപടി നല്കേണ്ടതും, തുടർന്ന് നടത്തുന്ന ടെണ്ടറുകളിൽ ഓഡിറ്റ് നിർദ്ദേശ പ്രകാരം സാധനങ്ങൾ സമാഹരിക്കേണ്ടതുമാണ്. അപ്രകാരം ചെയ്തതിനു ശേഷം ഓഡിറ്റിനെ അറിയിച്ച് പരാമർശം ഒഴിവാക്കേണ്ടതാണ്.

1-20 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല.

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തി നിർമ്മിക്കുന്നതിന് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികൾക്ക് സാധന സാമഗ്രികൾ വിതരണം ചെയ്ത കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | പ്രവൃത്തികളുടെ പേര് | എം. ബുക്ക് നമ്പർ | കരാറുകാരൻ | സാധന സാമഗ്രികൾക്ക് അനുവദിച്ച തുക |
|---|---|---|---|---|
| 1 | കുളിരാമുട്ടി പാറേകോളനി റോഡ് പുനരുദ്ധാരണം | 74/19-20 | ടി. വി. സെബാസ്റ്റ്യൻ | 135841 |
| 2 | മഞ്ഞക്കടവ് പള്ളിക്കുന്ന് നായാടം പൊയിൽ റോഡ് നവീകരണം | 269/19-20 | ടി. വി. സെബാസ്റ്റ്യൻ | 208511 |
| 3. | പട്ടോത്ത് തീരം റോഡ് സൈഡ് പ്രൊട്ടക്ഷൻ | 266/19-20 | ജോർജ്ജ്. പി. സി | 71487 |

| | | | | |
|---|---|---|---|---|
| 4. | ജനവിദ്യാകേന്ദ്രം വെള്ളിലത്തൊടി റോഡ് പുനരുദ്ധാരണം | 265/2019-20 | ജോൺ പുളിമൂട്ടിൽ | 129706 |
| 5. | പട്ടോത്ത് ചോലയിൽ റോഡ് നവീകരണം | 58/19-20 | പി. സി. ജോർജ്ജ് | 161178 |
| 6. | കുമ്പാറ ചെന്തട്ടപ്പടി റോഡ് പുനരുദ്ധാരണം | 274/19-20 | ശ്രീമതി. സക്കീന സലീം | 102521 |
| 7. | കല്ലം പുല്ല കാക്കച്ചിപ്പിള്ളി റോഡ് റിനവേഷൻ | 72/19-20 | ടി. വി. സെബാസ്റ്റ്യൻ | 148097 |
| 8. | താന്നിക്കുന്ന് പന്തപ്പള്ളിക്കവല നായാടം പൊയിൽ റോഡ് | 271/19-20 | ടി. വി. സെബാസ്റ്റ്യൻ | 207105 |
| 9. | പെണ്ണാപറമ്പിൽ സ്റാമ്പിക്കൽ റോഡ് | 84/19-20 | ശ്രീ. ഷാജു. എം. എം | 212662 |
| 10 | കൊട്ടാരംമല ഭാഗത്ത് റോഡ് നവീകരണം | 41/19-20 | ശ്രീ. ജോസ് കുറ്റിക്കൊമ്പിൽ | 26688 |
| 11 | കൽപ്പിനി അറക്കൽപ്പടി റോഡ് സൈഡ് കെട്ടൽ | 272/19-20 | ടി. വി. സെബാസ്റ്റ്യൻ | 72500 |

| | | | | |
|---|---|---|---|---|
| 12 | ചുള്ളിയകം കോളനി റോഡ് റിനവേഷൻ | 270/19-20 | ശ്രീ. ഷിജിൽ. എം. യു. | 357336 |
| 13 | ഉറുമി - സലോമി റോഡ് ഫുട്പാത്ത് പുനരുദ്ധാരണം | 71/19-20 | ടി. വി. സെബാസ്റ്റ്യൻ | 116228 |
| 14 | ഈസ്റ്റ് കൽപ്പിനി - ആനയോട് ലിങ്ക് റോഡ് | 63/19-20 | സക്കീന സലിം | 147222 |
| 15 | പെരുമ്പുള മരക്കാർ കോളനി റോഡ് റിനവേഷൻ | 64/19-20 | ടി. വി. സെബാസ്റ്റ്യൻ | 195419 |
| 16 | മഞ്ഞപ്പൊയിൽ - കുളിരാമുട്ടി ബൈപ്പാസ് റോഡ് പുനരുദ്ധാരണം | 73/19-20 | ടി. വി. സെബാസ്റ്റ്യൻ | 122283 |

മേൽ പറഞ്ഞ ആസ്തി നിർമ്മാണ പ്രവൃത്തികളുടെ ആദായ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (8/26-2-22) മറുപടി നൽകിയിട്ടില്ല. കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

1-21 ക്ലമ്പാറ മാവേലി സ്റ്റോർ - വാടകരഹിത കെട്ടിടം ഒരുക്കുന്നതിന് പകരം തനത് ഫണ്ടിൽ നിന്നും വാടക നൽകുന്നു.

ശ്രീ.ഷിഹാബുദ്ദീൻ വി.എം, വാളകുണ്ടിൽ, കുമാരനെല്ലൂർ എന്നിവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ മാവേലി സ്റ്റോർ പ്രവർത്തിപ്പിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ട് (കരാർ നം. 4/2017-18 തീ. 12.02.2018). ഇതിന്റെ അടിസ്ഥാനത്തിൽ ക്ലമ്പാറ മാവേലി സ്റ്റോർ കെട്ടിടത്തിന്റെ വാടക പ്രതിമാസം 6,500/- രൂപ നിരക്കിൽ 03/2019 മുതൽ 08/2019 വരെയുള്ള 6 മാസത്തെ വാടകയായ 39,000/- രൂപ (വൗച്ചർ നമ്പർ 21900435/26.8.2019) 2019-20 വർഷത്തിൽ ശ്രീ.ഷിഹാബുദ്ദീൻ വി. എം എന്നവർക്ക് നൽകിയിട്ടുണ്ട്.

സ. ഉ (സാധാ) 301/2013/ത.സ്വ.ഭ.വ തീയതി. 04.02.2013 പ്രകാരം ത.സ്വ.ഭ സ്ഥാപനങ്ങളിൽ പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 2 വർഷത്തേക്ക് വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് അതു പ്രവർത്തിക്കുന്ന കാലത്തേക്ക് വാടകരഹിത കെട്ടിടവും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കും ഫർണിഷിംഗിനുമായി ഒരു ലക്ഷം രൂപയും അതത് ത.സ്വ.ഭ സ്ഥാപനം ഒരുക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ക്ലമ്പാറയിൽ 600 ചതുരശ്ര അടിയിൽ കുറയാത്ത മുറി കണ്ടെത്തുന്നതിനും കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾക്കുമായി 1 ലക്ഷം രൂപ നൽകുന്നതിനും, ആജീവനാന്ത വാടക പഞ്ചായത്ത് നൽകുന്നതിനും 31.08.2017 ലെ 2/2 നം. പ്രകാരം തീരുമാനമെടുത്തു. ഇത് പ്രകാരം പഞ്ചായത്തിലെ ക്ലമ്പാറ മാവേലി സ്റ്റോറിന് അടിസ്ഥാന സൗകര്യമൊരുക്കുന്നതിനായി 11.04.2018 ൽ 434546 നം. ചെക്ക് പ്രകാരം 1,00,000/- രൂപ കൈമാറിയിട്ടുണ്ട്. (പ്രൊജക്ട് നം. 237/19).

മേൽ ഉത്തരവിൽ, പുതുതായി ആരംഭിക്കുന്ന മാവേലി സ്റ്റോറുകൾക്ക് 2 വർഷത്തേക്ക് വാടകരഹിത കെട്ടിടവും രണ്ടാമത് ആരംഭിക്കുന്ന മാവേലി സ്റ്റോറിന് വാടക രഹിത കെട്ടിടം ഒരുക്കിക്കൊടുക്കുന്നതിനാണ് ത.സ്വ.ഭ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുള്ളത്. സ. ഉ (സാധാ) 386/2019/ത.സ്വ.ഭ.വ തീ. 22.02.2019 ഉത്തരവിലും 700 ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള കെട്ടിടം 5 വർഷം വരെ വാടകരഹിതമായി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വാടകരഹിത കെട്ടിടം ഒരുക്കിക്കൊടുക്കുന്നതിന് പകരം മാവേലി സ്റ്റോർ വാടക തനത് ഫണ്ടിൽ നിന്നും ആജീവനാന്തമായി നൽകുന്നതിന് സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കേണ്ടതാണ്. ക്ലമ്പാറയിൽ

പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ ഗ്രാമപഞ്ചായത്തിലെ എത്രാമത്തെ മാവേലിസ്റ്റോർ ആണെന്നതിന് വ്യക്തതയില്ല. ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ആജീവനാന്ത വാടക നൽകുന്നതിന് ലഭ്യമായ സർക്കാർ അനുമതി, വാടക നിരക്ക് നിശ്ചയിച്ചതിന്റെ അടിസ്ഥാനം, ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള മാവേലി സ്റ്റോറുകളുടെ വിവരം, കൂമ്പാറ മാവേലി സ്റ്റോർ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ നമ്പർ എന്നീ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 9/2019-20 തീയതി 26.2.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

1-22 സ്കൂളുകൾക്ക് വേസ്റ്റ് പിറ്റ് - പദ്ധതി നിർവഹണത്തിലെ കാലതാമസവും അപാകതകളും

പ്രോജക്ട് നം. – 138/20 (SO)

പ്രോജക്ടിന്റെ പേര് - സ്കൂളുകൾക്ക് വേസ്റ്റ് പിറ്റ്

അടങ്കൽ – 1,00,000

ഫണ്ട് – മെയിന്റനൻസ് (നോൺ റോഡ്)

ചെലവ് - 45,712

ബിൽനം – 2/13.6.19 /3949

-22/27.6.19 /41763

കൂടരഞ്ഞി പഞ്ചായത്തിലെ സ്കൂളുകൾക്ക് വേസ്റ്റ് പിറ്റ് നിർമ്മാണം എന്ന പ്രോജക്ടിന്റെ ഭാഗമായി 3 ഗവ. സ്കൂളുകളിൽ വേസ്റ്റ് പിറ്റ് നിർമ്മിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് റിപ്പോർട്ട് അനുസരിച്ച് 1.50 മീറ്റർ നീളവും, 1.50 മീറ്റർ വീതിയുമുള്ള രണ്ട് പിറ്റ് നിർമ്മിച്ച് ഒന്നിൽ ജൈവമാലിന്യവും, ഒരു ടാങ്കിൽ അജൈവ മാലിന്യവും സംഭരിക്കുന്നതിന് ഉദ്ദേശിക്കുന്നു. ടി .എസ്സ്. സ്ളിപ് പ്രകാരം 3 മാസമാണ് കാലാവധി. 2017-18 ൽ ( ടി. എസ്സ് നം 79897/ 17-18) അംഗീകാരം ലഭിച്ച പ്രോജക്ട് (202 /നം) 2018 - 19 ൽ, 186/18-19 പ്രകാരവും, 2019-20 ൽ, 138/20 പ്രകാരവും സ്പിൽ ഓവർ ആവുകയാണുണ്ടായത്. പദ്ധതി നിർവഹണത്തിൽ തന്നെ കാലതാമസം ഉണ്ടായതായി കാണുന്നു. AE/LSGD/KDH/62/17-18 തി. 23.3.18 പ്രകാരം എഗ്രിമെന്റ് വച്ച് എസ്റ്റ്മേറ്റ് നിരക്കിൽ പ്രവർത്തി ഏറ്റെടുത്ത കരാറുകാരൻ ശ്രീ. സിനോ ജോസഫ് പ്രവർത്തി പൂർത്തീകരിച്ചത് 24.3.2019 നാണ്. (M Book 209/18-19). കൂടാതെ ഫയൽ പരിശോധിച്ചതിൽ മാലിന്യം നിക്ഷേപിക്കുന്ന പിറ്റിന് കവറിംഗ് നിർമ്മിച്ചിട്ടില്ല എന്നു കാണുന്നു. അതുകൊണ്ട് തന്നെ കൂടരഞ്ഞി പോലെ നല്ലപോലെ മഴ ലഭിക്കുന്ന പ്രദേശത്ത് പിറ്റിൽ വെള്ളം നിറഞ്ഞ് ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കാനും, അത് ഉപയോഗിക്കാൻ പറ്റാത്ത അവസ്ഥയിലാകാനും സാധ്യതയുണ്ട്. ഇതിൽനിന്നും സ്കൂളുകളിലെ മാലിന്യ നിർമ്മാർജനം ലക്ഷ്യം വച്ചുള്ള പ്രോജക്ടിൽ ശരിയായ തോതിലുള്ള ആസൂത്രണം

നടന്നിട്ടില്ല എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. തുടർ വർഷങ്ങളിലും കവറിംഗ് നിർമ്മിക്കാനോ, നിക്ഷേപിക്കുന്ന മാലിന്യങ്ങളുടെ പുനരുപയോഗങ്ങളുടെ സാധ്യതയെപറ്റിയുള്ള പരാമർശങ്ങളോ, നിർദ്ദേശങ്ങളോ ഫയലിൽ ലഭ്യമല്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തി മോണിറ്റർ ചെയ്തതിന്റെ വിശദാംശങ്ങൾ ഇല്ല. 1,00,000 രൂപ അടങ്കലുള്ള പദ്ധതിയിലെ ചെലവ് ശതമാനവും കുറവാണ്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകത വിശദീകരിക്കേണ്ടതാണ്.

1- 23 പൊതുമരാമത്ത് പ്രവർത്തികൾ - പദ്ധതി വിനിയോഗത്തിലെ അപാകത സംബന്ധിച്ച്

2019- 20 വർഷം ഡി.പി.സി അംഗീകാരം വാങ്ങിയ 116 മരാമത്ത് പ്രോജക്ടുകളിൽ 86 എണ്ണം പുതിയ പ്രോജക്ടുകളും 30 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളുമാണ്. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യഗസ്ഥനായുള്ള 86 പുതിയ പ്രോജക്ടുകളിൽ 56 എണ്ണത്തിനും 30 സ്പിൽ ഓവർ പ്രോജക്ടുകളിൽ 4 പ്രവൃത്തികൾക്കും തൻവർഷം തുകയൊന്നും ചെലവഴിച്ചില്ല. ആകെയുള്ള മരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ അടങ്കൽ തുക, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശം താഴെ കൊടുക്കുന്നു.

| ഫണ്ടിനം | അടങ്കൽ | ചെലവഴിച്ച തുക | ചെലവഴിക്കാത്ത തുക | ചെലവഴിച്ചതിന്റെ ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 76,90,380 | 15,33,585 | 61,56,795 | 19.9 |
| വികസന ഫണ്ട്- എസ്.സി.പി | 3,02,917 | 0 | 3,02,917 | ---- |
| ടി.എസ്സ്.പി | 4,87,208 | 0 | 4,87,208 | ---- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 99,91,229 | 53,41,628 | 46,49,601 | 53.4 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 2,91,918 | 2,91,918 | 0 | 100 |
| തനത് ഫണ്ട് | 7,88,100 | 2,70,065 | 5,18,035 | 34.3 |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,86,18,000 | 55,14,432 | 1,31,03,568 | 29.61 |
| സംരക്ഷണഗ്രാന്റ് - റോഡിതരം | 40,95,012 | 21,90,655 | 19,04,357 | 53.5 |
| ആകെ | 4,22,64,764 | 1,51,42,283 | 2,71,22,481 | |

മേൽ പട്ടിക പ്രകാരം ചെലവഴിക്കാത്ത ഗ്രാന്റ് തുക സാമ്പത്തിക വർഷാവസാനം സർക്കാർ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചെടുക്കുന്നതിനാൽ ചുവടെ ചേർക്കുന്ന വിധം വിവിധ ഫണ്ടിനത്തിലുള്ള തുകകൾ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കയാണ്.

| | |
|---|---|
| വികസന ഫണ്ട്-ജനറൽ | 61,56,795 |
| വികസന ഫണ്ട്- എസ്.സി.പി | 3,02,917 |
| ടി.എസ്സ്.പി | 4,87,208 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 46,49,601 |
| തനത് ഫണ്ട് | 5,18,035 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1,31,03,568 |
| സംരക്ഷണഗ്രാന്റ്- റോഡിതരം | 1904357 |
| ആകെ | 27122481 |

വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ യോഗത്തിൽ (യോഗ തീയതി - 26.7.19, 18.10.19, 04.12.19, 13.12.19, 10.01.20, 10.2.20, 20.3.20) പദ്ധതി പ്രവൃത്തികളുടെ അവലേകനം നടത്തുന്നുണ്ടെങ്കിലും ആയത് ഫലപ്രദമായി നടപ്പിൽ വരുത്താൻ കഴിഞ്ഞിട്ടില്ല.

നിർവ്വഹണത്തിലെ വീഴ്ച മൂലം സ്ഥാപനത്തിനുണ്ടായ ധനനഷ്ടം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1- 24 ടെണ്ടർ ഫീ ഇനത്തിലുള്ള വരവ് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിന്റെ ഇ-ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ ടെണ്ടർ ഫീ (ടെണ്ടർ ഫോറം വില) നിലവിൽ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടപ്പെടുന്നില്ല. ഇ-ടെണ്ടർ നടപടികൾ തുടങ്ങിയ വർഷം മുതൽ

നാളിതുവരെ ഈ ഇനത്തിലുള്ള വരവ് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ ജില്ലാപഞ്ചായത്തിലുള്ള ബാങ്ക് അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്യപ്പെടുന്നത്. ഇ-ടെണ്ടർ ഫീ ഫയൽ പരിശോധിച്ചതിൽ 2019-20 വർഷത്തിൽ 48 പ്രവൃത്തികൾക്കായി ഇ-ടെണ്ടർ നടപടികൾ കൈകൊണ്ടതായി കാണുന്നു. പഞ്ചായത്തിൽ അസി. എഞ്ചിനീയറുടെ പേരിൽ (അക്കൗണ്ട് നം. 37791755139, S. B. I കൂടരഞ്ഞി) അക്കൗണ്ട് തുടങ്ങിയിട്ടുണ്ടെങ്കിലും പ്രസ്തുത അക്കൌണ്ടിൽ ഇ-ടെണ്ടർ ഫീ ഇനത്തിൽ തുക വരവ് വന്നതായി കാണുന്നില്ല. ഇ-ടെണ്ടർ ഫീ ഇനത്തിൽ ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1- 25 സ്പിൽ ഓവർ പദ്ധതികൾ നടപ്പിലാവുന്നില്ല

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-20 ചെലവ് പത്രിക, വിവിധ ഫയലുകൾ എന്നിവ പരിശോധിച്ചതിൽ അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിനായി അംഗീകാരം വാങ്ങിയിട്ടുള്ള ചില പദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ ഉപേക്ഷിച്ചതായി കാണുന്നു. 2018-19 വർഷത്തിൽ സ്പിൽ ഓവർ ആയി വന്നിട്ടുള്ള താഴെ പറയുന്ന പദ്ധതികൾ 2019-20 വർഷവും നടപ്പിലാക്കിയിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജ. നം. | പ്രോജക്ടിന്റെ പേര് | വകയിരുത്തിയ തുക | ഫണ്ടിനം |
|---|---|---|---|
| 149/19-20 | പാറേക്കോളനി കുടിവെള്ളം ടാങ്ക് പുനർനിർമ്മാണം | 100000 | എം. ജി. – നോൺ റോഡ് |
| 156/19-20 | വാത്തോലി കുടിവെള്ള ടാങ്ക് | 150000 | വി. ഫണ്ട് |
| 161/19-20 | കള്ളിപ്പാറ കോളനി റോഡ് സൈഡ് കെട്ട് | 435000 | എം. ജി. റോഡ് ഫണ്ട് |
| 164/19-20 | കള്ളിപ്പാറ പത്തോൻപതിലേയ്ക്കുള്ള നടപ്പാത | 300000 | ധനകാര്യ കമ്മീഷൻ അവാർഡ് |

അതാത് വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കേണ്ട പ്രോജക്ടുകൾ സ്പിൽ ഓവർ ആവുന്നതിന്റെയും ഇതേ പ്രോജക്ടുകൾ തുടർ വർഷങ്ങളിലും നടപ്പിലാക്കാത്തതിന്റെയും കാരണം വിശദീകരിക്കാൻ

ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

പ്രോജക്ടുകൾ സ്പിൽ ഓവർ ആവുകയും തുടർന്ന് ഉപേക്ഷിക്കുകയും ചെയ്യുന്നത് പദ്ധതി ആസൂത്രണത്തിലെ പാളിച്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ പ്രോജക്ടുകളുടെ അവലോകനം ശരിയായ വിധത്തിൽ നടക്കുന്നില്ല എന്ന് കാണുന്നു. മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രൊജക്ടുകൾ തയ്യാറാക്കുന്നതിലും, നടപ്പാക്കുന്നതിലും വിവിധ സ്റ്റാന്റിങ് കമ്മിറ്റികളുടെയും അതിന്റെ പരിധിയിൽ വരുന്ന വർക്കിങ് ഗ്രൂപ്പുകളുടെയും വിദഗ്ദരടങ്ങിയ സബ്കമ്മിറ്റികളുടയും രൂപീകരണം, ചുമതലകളും ഉത്തരവാദിത്തങ്ങളും എന്നിവ കേരള പഞ്ചായത്ത് രാജ് നിയമം 162, 163, 164 വകുപ്പുകൾ പ്രകാരവും 2017 - 2022 കാലത്തെ 13ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിലും വ്യക്തമാക്കിയിട്ടുള്ളതാണ്. വികസന മേഖലകളുടെ അവസ്ഥാ വിശകലനം, മുൻകാലങ്ങളിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ വിലയിരുത്തൽ, വികസന പരിപ്രേക്ഷ്യം, വികസന ലക്ഷ്യങ്ങളും പ്രോജക്ട് ആശയങ്ങളും എന്നീ രീതിയിൽ വിശദമായ ഡാറ്റയുടെ അടിസ്ഥാനത്തിൽ വർക്കിങ് ഗ്രൂപ്പ് തയ്യാറാക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കണം ഓരോ മേഖലയിലെയും പ്രോജക്ടുകൾക്ക് രൂപം നല്കേണ്ടത്. പദ്ധതികൾ നടപ്പിലാക്കാതെ പോകാനുള്ള കാരണം വിശദീകരിക്കേണ്ടതാണ്.

## 1- 26 മഴക്കാല പൂർവ്വ ശുചീകരണം - മെഡിക്കൽ ഓഫീസർക്ക് നൽകിയ മുൻകൂർ ക്രമീകരിക്കാതെ അവശേഷിക്കുന്നു.

കൂടരഞ്ഞി പി.എച്ച്.സി മെഡിക്കൽ ഓഫീസറുടെ 20.6.2019 ലെ 234/19 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പകർച്ചവ്യാധികളും മറ്റും പടർന്ന പിടിക്കുന്നുവെന്നും ഈ സാഹചര്യത്തിൽ മഴക്കാല പൂർവ്വ ശുചീകരണ ആവശ്യത്തിലേക്കായി ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലേക്കും ഫണ്ട് അനുവദിക്കണമെന്നും അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ 8.7.2019 ലെ 21900279 നമ്പർ വൗച്ചർ പ്രകാരം ( ചെക്ക് നമ്പർ 0734273 തീയതി 8.7.2019 - ട്രഷറി ടി. എസ്. ബി ) 1,40,000/- രൂപ കൂടരഞ്ഞി പി. എച്ച്. സി മെഡിക്കൽ ഓഫീസർക്ക് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വൗച്ചറുകൾ, ചെലവു വിവരം, മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ആയവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 25/2019-20 തീയതി 2.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ ഈയിനത്തിലുള്ള 1,40,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1- 27 ബഡ്സ് സ്കൂൾ ആരംഭിക്കാൻ നടപടികളില്ല

ഗ്രാമ പഞ്ചായത്തിൽ നാളിതു വരെ ബഡ്സ് സ്കൂൾ പ്രവർത്തനമാരംഭിച്ചിട്ടില്ല. സ. ഉ. (എം. എസ്) നമ്പർ 22/18 ത.സ്വ.ഭ.വ. തിയ്യതി 14.2.2018 ഖണ്ഡിക 7.1.8 പ്രകാരം തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങൾക്ക് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.7.2019ലെ ജി. ഒ. (എം. എസ്.) നമ്പർ 148/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണെന്നും ഇത്തരത്തിൽ സ്ഥാപിക്കുന്ന സ്കൂളുകളിലെ ടീച്ചർമാർക്ക് നിശ്ചിത നിരക്കിൽ ഹോണറേറിയം നൽകാവുന്നതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ നാളിതുവരെ ബഡ്സ് സ്കൂൾ ആരംഭിക്കാൻ പഞ്ചായത്ത് നടപടികൾ സ്വീകരിച്ചു കാണുന്നില്ല. 2019-20 ൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ഭിന്നശേഷി സ്കോളർഷിപ്പ് എന്ന പ്രോജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിൽ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന 259 കുട്ടികൾ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 44 പേർ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത് വിദൂര മലയോര പ്രദേശത്ത് ആയതിനാൽ ഇവരിൽ ഭൂരിഭാഗം കുട്ടികൾക്കും സ്കൂൾ സൗകര്യം ലഭ്യമല്ല. ഇവരിൽ ചുരുക്കം ചിലർ സമീപ പഞ്ചായത്തിലെ ബഡ്സ് സ്കൂളുകളെ ആശ്രയിക്കുകയാണെന്നാണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചിരിക്കുന്നത്. 18.1.2020, 19.2.2020, 28.2.2021 എന്നീ തീയതികളിലെ സാമൂഹിക ക്ഷേമം വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ സ്ഥാപിക്കുക എന്ന നിർദ്ദേശം ഉയർന്നു വന്നിട്ടുണ്ട്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2019 മുതലുള്ള മിനുട്സ് പരിശോധിച്ചതിൽ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നും തന്നെ ചർച്ച ചെയ്തതായി കണ്ടില്ല. ഗ്രാമ പഞ്ചായത്തിൽ ബഡ്സ് സ്കൂൾ സ്ഥാപിക്കുക എന്ന വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശത്തിൻമേൽ ഗ്രാമ പഞ്ചായത്ത് തുടർ നടപടികളൊന്നും കൈകൊണ്ടു കാണുന്നില്ല. ബഡ്സ് സ്കൂൾ ആരംഭിക്കാൻ നിലവിൽ കൈകൊണ്ടുവരുന്ന നടപടികൾ അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ടുകൊണ്ട് നലകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 11/2019-20 തീയതി 26.2.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശം പ്രോജക്ടായി രൂപപ്പെടാതിരുന്നത് പദ്ധതി ആസൂത്രണത്തിൽ ഉണ്ടായ വീഴ്ചയാണ്. മേൽ സാഹചര്യങ്ങൾ പരിശോധിച്ച് ബഡ്സ് സ്കൂൾ ആരംഭിക്കേണ്ടതുണ്ടെങ്കിൽ ആയതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാവുന്നതാണ്.

1- 28 എസ്.എസ്.എ വിഹിതം അടവാക്കൽ - മതിയായ തുക വകയിരുത്തിയില്ല.

പ്രോജക്ട് നമ്പർ - 1/20

വകയിരുത്തിയ തുക - 200000

ചെലവുതുക - 200000 (ബിൽ നമ്പർ-9/19-20 തി 30.7.19)

നിർവഹണം - സെക്രട്ടറി

മേൽ പ്രോജക്ട് പ്രകാരം വികസനഫണ്ടിൽ നിന്നും 200000 രൂപ പിൻവലിച്ച് എസ്.എസ്.എ.

വിഹിതം ഇനത്തിൽ ജില്ലാ പ്രൊജക്ട് ഓഫീസർ എസ്.എസ്.കെ കോഴിക്കോടിന് അടവാക്കിയിട്ടുണ്ട്. സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ) പ്രൊജക്ട് ഓഫീസർ 25/6/2019 ന് പഞ്ചായത്തിന് ലഭ്യമാക്കിയ കത്തിൽ (നമ്പർ. സി/1807/ 2018/എസ്.എസ്.എ) 2018-19 സാമ്പത്തിക വർഷത്തിൽ ആകെ ചെലവിന്റെ 40% തുകയായ 14.98 ലക്ഷം രൂപയ്ക്ക് പകരമായി 2 ലക്ഷം രൂപ മാത്രമേ പഞ്ചായത്ത് അടവാക്കിയിട്ടുള്ളൂ എന്നും 2019-20 ൽ എസ്.എസ്.കെ മുഖേനയുള്ള പ്രവർത്തനങ്ങൾക്കായി 15.78 ലക്ഷം രൂപ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന് ആവശ്യമുണ്ടെന്നും ആയതിന്റെ 40% തുകയായ 15.78 ലക്ഷം രൂപ എസ്.എസ്.കെ ക്ക് അടവാക്കുന്നതോടൊപ്പം 2018-19 ൽ അടവാക്കാൻ അവശേഷിക്കുന്ന 12.89 ലക്ഷം രൂപ കുടിശ്ശിക കൂടി അടവാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ആയത് പരിഗണിക്കാതെ മുൻവർഷം അടവാക്കിയതുപോലെ രണ്ട് ലക്ഷം രൂപ മാത്രമെ സാമ്പത്തിക വർഷത്തിലും അടവാക്കി കാണുന്നുള്ളൂ. സ. ഉ നമ്പർ 11/18 തി 29.1.18 ഖണ്ഡിക 7.6.(4) പ്രകാരം ഗ്രാമപഞ്ചായത്തുകളും, ജില്ലാപഞ്ചായത്തുകളും ഗവ. നിശ്ചയിക്കുന്ന തുക എസ്.എസ്.കെ പ്രൊജക്റ്റുകൾക്ക് വകയിരുത്തേണ്ടതും പ്രോജക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനം മുഖ്യപങ്ക് വഹിക്കണമെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശ പ്രകാരം തുക അടവാക്കുകയോ, എസ്.എസ്.കെ പ്രോജക്ട് രൂപീകരണത്തിൽ പഞ്ചായത്ത് പങ്ക് വഹിക്കുകയോ ചെയ്തതായി കാണുന്നില്ല. എസ്.എസ്.കെ പ്രോജക്ടിന് അർഹമായ വിഹിതം ലഭിക്കാത്തതിനാൽ  പാഠപുസ്തകങ്ങൾ, യൂണിഫോം എന്നിവയുടെ തുക നൽകാൻ കഴിയാത്ത അവസ്ഥയുണ്ടെന്ന് മേൽ കത്തിൽ പ്രൊജക്ട് ഓഫീസർ സൂചിപ്പിച്ചിട്ടുണ്ട്. കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ (2017-22) പ്രകാരം രണ്ട് ഹയർ സെക്കന്ററി സ്കൂളുകൾ, 4 ഹൈസ്കൂളുകൾ, ഒരു യു. പി. സ്കൂൾ, 9 എൽ. പി സ്കൂളുകൾ എന്നിവ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ എസ്.എസ്.എ. പ്രോജക്ട് സംബന്ധിച്ച കാര്യങ്ങളൊന്നും തന്നെ ചർച്ച ചെയ്യപ്പെട്ടതായി കാണുന്നില്ലെന്ന് മാത്രമല്ല, പ്രൊജക്ടു നിർദ്ദേശങ്ങളിൽ എസ്.എസ്.എ. വിഹിതം അടവാക്കൽ പ്രോജക്ട് ഉൾപ്പെട്ടതായും കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ണെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക്(3/25-2-2022) സെക്രട്ടറി നൽകിയ മറുപടിയിൽ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതി പരിഗണിച്ച് ഗ്രാമസഭയിൽ നിന്നും വന്ന നിർദ്ദേശത്തിന്റെയും ഭരണസമിതിയുടെ തീരുമാനത്തിന്റെയും അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക വകയിരുത്തിയതെന്നും ഈ തുക അപര്യാപ്തമാണെന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തുടർ വർഷങ്ങളിൽ എസ്.എസ്.കെ യ്ക്ക് മതിയായ തുക വകയിരുത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. വരും വർഷ പ്രോജക്ട് രൂപീകരണ വേളയിൽ അപാകത പരിഹരിച്ച് അറിയിക്കേണ്ടതാണ്.

1- 29 പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം താഴെപ്പറയുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/ ഫണ്ടുകൾ വിനിയോഗിക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു.

| ക്രമ നമ്പർ | ഇനം | 31.3.2020 ലെ നീക്കിയിരിപ്പ് തുക | ലഭിച്ച വർഷം | സൂക്ഷിച്ച അക്കൗണ്ട് |
|---|---|---|---|---|
| 1 | എസ്. സി. കോർപ്പസ് ഫണ്ട് | 1,23,638 | 2015 | കേരളാ ഗ്രാമീൺ ബാങ്ക് - അക്കൗണ്ട് നമ്പർ 14921 |
| 2 | ആരോഗ്യ കേരളം പുരസ്കാരം | 2,63,000 | 2015 | സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് - തനത് ഫണ്ട് അക്കൗണ്ട് നമ്പർ - 108 |

മേൽ പ്രകാരമുള്ള പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ/ഫണ്ടുകൾ അവയുടെ വിനിയോഗ മാർഗ്ഗനിർദ്ദേശ പ്രകാരം വിനിയോഗിക്കാതെ /തിരിച്ചടക്കാതെ അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നതിന് വിശദീകരണം നൽകേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 12/2019-20 തീയതി 26.2.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിലുള്ള മറുപടി ലഭ്യമാക്കേണ്ടതും മേൽ ഗ്രാന്റുകൾ എത്രയും പെട്ടെന്ന് വിനിയോഗിക്കുകയോ തിരിച്ചടവാക്കുകയോ ചെയ്ത് അറിയിക്കേണ്ടതുമാണ്.

1-30 പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ കാലതാമസം

കൂടരഞ്ഞി ഗ്രാമപഞ്ചായത്തിലെ 2019-20 വർഷത്തെ വിവിധ ക്ഷേമപെൻഷൻ അപേക്ഷാ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ക്ഷേമ പെൻഷനുകൾക്കുള്ള അപേക്ഷകളിൽ നിശ്ചിത സമയപരിധിക്കകം തീരുമാനം കൈക്കൊള്ളുന്നതായി കാണുന്നില്ല. വാർദ്ധക്യ കാല പെൻഷൻ, വികലാംഗ പെൻഷൻ മുതലായ ഇനങ്ങളിൽ മാസങ്ങൾക്കു മുമ്പ് ലഭിച്ച അപേക്ഷകളിലും തീരുമാനം എടുക്കാൻ വൈകുന്നതായി രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാവുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷകന്റെ പേര് | പെൻഷൻ ഇനം | അപേക്ഷ ലഭിച്ച തീയതി | അപേക്ഷയിന്മേലുള്ള റിപ്പോർട്ട് ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി |
|---|---|---|---|---|---|
| 1 | നിധിൻ നടുക്കണ്ടിയിൽ , പൂവ്വാൻ തോട് | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വർക്കുള്ള പെൻഷൻ | A3 1648/19 17/04/2019 | 01/07/2019 | 08/07/2019 |
| 2 | നിധിൻ നടുക്കണ്ടിയിൽ , പൂവ്വാൻ തോട് | – ടി – | A3 1648/19 16/07/2019 | 16/10/2019 | 16/10/2019 |
| 3 | അഭിജിത്ത് ബാബു കാഞ്ഞിര ത്തിങ്കൽ ,കൂമ്പാറ | – ടി – | A3333/2020 15/01/2020 | 01/07/2020 | 09/07/2020 |
| 4 | ഹംസ ഒ.എം ഓലപ്പിലാക്കിൽ, കുളിരാമുട്ടി | – ടി – | A3450/2020 22/01/2020 | 01/07/2020 | 09/07/2020 |
| 5 | ജോയൽ ചാക്കോ കിരമ്പനിൽ കൂടരഞ്ഞി | – ടി – | A3474/2020 23/01/2020 | 20/08/2020 | 08/09/2020 |
| 6. | ലീല വിജയൻ അയ്യനാട്ടുശ്ശേരി | വാർദ്ധക്യകാല പെൻഷൻ | A3606/2020 29/01/2020 | 29/01/2020 | 13/04/2020 |

| | | | | | |
|---|---|---|---|---|---|
| 7. | കാസിം ഇ.എം. ഇല്ലിക്കൽ | - ടി - | A3 1438/19 29/3/19 | 14/06/2019 | 17/06/2019 |
| 8. | ജോസ് മണക്കടവ് | - ടി - | A3 1/04/2019 1471/2019 | 19/06/2019 | 08/07/2019 |
| 9 | തോമസ് പരകാപ്പിള്ളിൽ | - ടി - | A3 1472/19 01/04/2019 | 17/06/2019 | 08/07/2019 |
| 10. | മേരി പുറക്കാട്ട് | - ടി - | A3/03/04/ 2019 15`13/2019 | 08/07/2019 | 08/07/2019 |

അന്വേഷണ ഉദ്യോഗസ്ഥൻ അപേക്ഷകളിൽ അന്വേഷണം നടത്താൻ താമസിക്കുന്നതായും അപേക്ഷകൾ തിരിച്ചേൽപ്പിച്ചിട്ടും അതിന്മേൽ തീരുമാനമെടുക്കാൻ കാലതാമസം വരുന്നതായും കാണുന്നു. കർഷക തൊഴിലാളി പെൻഷന് 45 ദിവസത്തിനകവും, മറ്റ് പെൻഷനുകൾക്ക് 40 ദിവസത്തിനകവും തീരുമാനമെടുക്കേണ്ടതായിട്ടുണ്ട്. പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുക്കുന്നതിൽ ഭാവിയിൽ കാലതാമസം ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-31 ഐ.എസ്.ഒ പൂർത്തീകരണം - ചെലവു രേഖകൾ ഹാജരാക്കിയില്ല.

പ്രോജക്ട് നമ്പർ - 179/20

വകയിരുത്തിയ തുക - 11000 (തനതുഫണ്ട്)

ചെലവുതുക - 47915+10405+2901=61221

വൗച്ചർ നമ്പർ - 21900957/29-2-20, 21900663/7-11-19,21900664/7-11-19,21900666/7-11-19

നിർവഹണം - സെക്രട്ടറി

പ്രോജക്ട് പ്രകാരം ഐ. എസ്. ഒ പൂർത്തീകരണത്തിനായി Fire Extinguisher വാങ്ങുന്നതിനും അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് ലക്ഷ്യമിട്ടത്. ഇതിനായി മേൽ കാണിച്ചിരിക്കുന്ന സാംഖ്യ വൗച്ചറുകൾ/ബില്ലുകൾ പ്രകാരം 47,915 രൂപ കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്കും, 6005 രൂപ പ്രിന്റക് ഓഫ് സെറ്റ് പ്രസ്സിനും, 4400 രൂപ വി. വി. ട്രേഡേർസിനും, 2901 രൂപ RMS അലൂമിനിയം ആന്റ് ഡോർസ് എന്ന സ്ഥാപനത്തിനും നൽകിയിട്ടുണ്ട്. മേൽ കാണിച്ച 61,221

രൂപ എതെല്ലാം കാര്യങ്ങൾക്ക വേണ്ടിയാണ് ചെലവഴിച്ചതെന്നും ആയതിന്റെ പർച്ചേസ് ഫയലും പരിശോധനയ്ക്ക് നൽകിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാ വശ്യപ്പെട്ടുകൊണ്ട് നൽകിയ എൻക്വയറിക്ക് (22/2-3-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവു രേഖകൾ ഹാജരാക്കാത്തതിനാൽ 61,221 രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-32 ദുരിതാശ്വാസ നിധി രേഖകൾ ഹാജരാക്കിയില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അത്യാഹിതം, അഗ്നി ബാധ, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും പഞ്ചായത്ത് പ്രദേശത്ത് വസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിന് ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതാണ്. അതനുസരിച്ച് പഞ്ചായത്തിൽ രൂപീകരിച്ച ദുരിതാശ്വാസനിധിയുടെ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് നൽകിയ എൻക്വയറിക്ക് (5/25-2-2022) സെക്രട്ടറി നൽകിയ മറുപടിയിൽ 15-9-2021 ൽ സെക്രട്ടറിയുടെ പേരിൽ കുടരഞ്ഞി കേരള ഗ്രാമീൺ ബാങ്കിൽ പ്രസ്തുത അക്കൗണ്ട് (അക്കൗണ്ട് നമ്പർ 40180101046258) ആരംഭിച്ചിട്ടുണ്ടെന്നും അക്കൗണ്ടിൽ 27,600/- രൂപയുടെ വരവ് വന്നിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ദുരിതാശ്വാസ നിധിയുമായി ബന്ധപ്പെട്ട രസീതി ബുക്ക്, ക്യാഷ് ബുക്ക്, സബ്കമ്മറ്റി മിനുട്സ്, അപേക്ഷാ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് നൽകാനാവശ്യപ്പെട്ടെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല. മേൽ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 കൃത്യമായ ഫീൽഡ് പരിശോധന ഇല്ലാതെ നികുതി നിർണ്ണയം നടത്തിയതുമൂലം നികുതി നഷ്ടം

കൃത്യമായ ഫീൽഡ് പരിശോധന ഇല്ലാതെ നികുതി നിർണ്ണയം നടത്തിയതുമൂലം നികുതി നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വസ്തുനികുതി, ന്യൂബിൽഡിംഗ് രജിസ്റ്റർ, നികുതി നിർണ്ണയ ഫയലുകൾ, സഞ്ചയ സോഫ്റ്റ്വെയറിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ

| | |
|---|---|
| ഫയൽ നം. | എ2/1460/2019/05/04/2019 |

| | |
|---|---|
| ഉടമസ്ഥന്റെ പേര് വിവരങ്ങൾ | മുഹമ്മദ് അഷറഫ് കെ &<br>സൈഫുള്ള പി. കെ<br>കളപ്പാടൻ, പട്ടർക്കടവ്, മലപ്പുറം |
| പെർമിറ്റ് നമ്പർ | എ2/ബി. എ (173299)2019/05/04/2019 |
| സർവ്വേ നമ്പർ | 5- Us |
| പ്ലോട്ട് വിസ്തീർണ്ണം | 2.83 ആർ |
| തറവിസ്തീർണ്ണം | 140.02 ച. മീ |
| ഉപയോഗക്രമം | സപെഷ്യൽ റെസിഡൻസ്<br>(Home Stay) |

മുഹമ്മദ് അഷറഫ് കെ & സൈഫുള്ള പി. കെ എന്നിവർ കെട്ടിടനിർമ്മാണ അനുമതി വാങ്ങാതെ നിർമ്മിച്ച സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം ക്രമവത്ക്കരിക്കുന്നതിനാണ് അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. അപേക്ഷ പരിഗണിക്കവേ ന്യൂനത പരിഹരിച്ച് പ്ലാൻ പുനർസമർപ്പിക്കുന്നതിനായി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് പ്ലാൻ പുനർ സമർപ്പിക്കുകയും ചെയ്തു. സ്ഥലപരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഓവർസീയർക്ക് ഫയൽ കൈമാറുന്നതിനായി ഉത്തരവിട്ടു. തുടർന്ന് ഓവർസീയറുടെ റിപ്പോർട്ടിൽ അപാകതകൾ പരിഹരിച്ച് സമർപ്പിച്ചതിനാൽ റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് രേഖപ്പെടുത്തി. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഫീ ഈടാക്കി ടി കെട്ടിടത്തിന് റഗുലറൈസ് ചെയ്ത് നമ്പർ അനുവദിക്കാവുന്നതാണ് എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ഹോംസ്റ്റേ എന്ന് കണക്കാക്കിയും, 5/148 K കെട്ടിട നമ്പർ നൽകി ച. മീ ന് 30/- രൂപ എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ച് 2019-20 ഒന്നാം അർദ്ധ വർഷം മുതൽ ഈടാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഭൂഗർഭ നില | 22.5 |
| ഗ്രൌണ്ട് ഫ്ലോർ | 117.52 |
| ആകെ തറവിസ്തീർണ്ണം | 140.02 ച. മീ |
| നിർണ്ണയിച്ച നികുതി | 140.02x30- 10% = 3781 +190<br>(ഇളവ് = 10% മേഖല ) |

എന്നാൽ 26/02/2022 ന് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശിശോധനയിൽ ഭൂഗർഭ നില പൂർണ്ണമായും നിർമ്മാണം നടത്തി ഉപയോഗയോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ നിലവിൽ റിസോർട്ട് എന്ന നിലയിൽ, ഒരു ദിവസം 3,000 മുതൽ 5,000 രൂപ വരെ വാടകയ്ക്ക് നൽകുന്നുണ്ടെന്നുമാണ് സൈറ്റിൽ ഉണ്ടായിരുന്ന മാനേജർ നേരിട്ട് അറിയിച്ചത്. റിസോർട്ട് എന്ന നിലയിൽ ഉപയോഗിക്കുന്ന കെട്ടിടം മതിയായ സ്ഥലപരിശോധന നടത്താതെ, ലഭ്യമാക്കിയ പൂർത്തീകരണ, ക്രമവത്ക്കരണ പ്ലാൻ പ്രകാരം മാത്രം നികുതി നിർണ്ണയിക്കപ്പെട്ടതിനാലാണ് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുള്ളത്.

ഭൂഗർഭ നില പൂർണ്ണമായും നിർമ്മാണം നടത്തി ഉപയോഗ യോഗ്യമാക്കിയതിനാൽ പ്രസ്തുത സൈറ്റിൽ ആകെ നിർമ്മാണം നടത്തിയതിന് റിസോർട്ടുകൾക്ക് ഈടാക്കേണ്ട 80 രൂപ ച.മീ നിരക്കിൽ നികുതി കണക്കാക്കുമ്പോൾ ഈടാക്കേണ്ടത് ചുവടെ പറയും പ്രകാരമാണ് .

| | |
|---|---|
| ഭൂഗർഭ നില | 117.52 |
| ഗ്രൗണ്ട് ഫ്ലോർ | 117.52 |
| ആകെ തറവിസ്തീർണ്ണം | 235.04 ച.മീ |
| നിർണ്ണയിച്ച നികുതി | 235.04x 80 - 10% = 16923 + 846<br>(ഇളവ് = 10% മേഖല ) |
| നികുതി ഈടാക്കിയതിലെ വ്യത്യാസം | 16923 + 846 - 3781 +190<br>(13142 + 656 ) |

കെട്ടിടം പൂർണ്ണമായും അധികൃത നിർമ്മാണം ആണെങ്കിൽ 2019-20 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നികുതി ഇനത്തിൽ 13142/- രൂപയും, ഗ്രന്ഥാശാലാവരി ഇനത്തിൽ 656/- രൂപയും തനത് ഫണ്ടിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 235 എ എ പ്രകാരം ലെ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി

ഈടാക്കാവുന്നതാണ്. എന്നാൽ നിയമപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടത്തിൽ സ്ഥലപരിശോധന വേളയിൽ അനധികൃത നിർമ്മാണം നടത്തിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ അനധികൃതമായി നിർമ്മിച്ച ഭാഗത്തിന് 95.02 ച. മീ തറവിസ്തീർണ്ണത്തിന്,

95.02x80 -10% = (6841+342) X3 =20523 +1026 രൂപ ഗ്രന്ഥശാലാ വരിയും

അധികൃതമായി നിർമ്മിച്ച ഭാഗത്തിന് റിസോർട്ട് എന്ന നിലയിൽ /80 രൂ/ച.മീ നിരക്കിൽ ഈടാക്കേണ്ട തുക:

140.02x80- 10% = 10081.44+504 രൂപയും

ക്രമവത്ക്കരിച്ച കെട്ടിട ഭാഗത്തിന് ഈടാക്കിയ തുക കഴിച്ച് ഈടാക്കേണ്ടത്: 20523+10081.44 = 30604.44 (-)

ഈടാക്കിയത് 3781 =26823 + 1341 ഗ്രന്ഥശാലാവരി

നിയമപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടത്തിൽ സ്ഥലപരിശോധന വേളയിൽ അനധികൃത നിർമ്മാണം നടത്തിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്തിനാലും, അനധികൃതമായി നിർമ്മിച്ച ഭാഗത്തിനും, ക്രമവത്ക്കരണം നടത്തിയ ഭാഗത്തിനും 2019-20 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നികുതി ഇനത്തിൽ 26,823/- രൂപയും, ഗ്രന്ഥാശാലാവരി ഇനത്തിൽ 1,341/- രൂപയും മേൽ കെട്ടിടത്തിൽ നിന്ന് തനത് ഫണ്ടിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

<u>ബി</u>

| | |
|---|---|
| ഫയൽ നം. | എ2/2228/2019/01/07/2019 |
| ഉടമസ്ഥന്റെ പേര് വിവരങ്ങൾ | അലവി വെണ്ണക്കാടൻ<br>ചാലിൽ, വിളയിൽ , മലപ്പുറം |
| പെർമിറ്റ് നമ്പർ | 1151048011900103304O |
| സർവ്വേ നമ്പർ | 5- Us |
| പ്ലോട്ട് വിസ്തീർണ്ണം | 02.023 ആർ |
| തറവിസ്തീർണ്ണം | 82..62 ച. മീ |

| | |
|---|---|
| ഉപയോഗക്രമം | സപെഷ്യൽ റെസിഡൻസ് (Home Stay) |

അലവി വെണ്ണക്കാടൻ എന്നിവർ കെട്ടിടനിർമ്മാണ അനുമതി ഇല്ലാതെ നിർമ്മിച്ച സ്പെഷ്യൽ റെസിഡൻഷ്യൽ കെട്ടിടം ( ഹോം സ്റ്റേ) ക്രമവത്ക്കരിക്കുന്നതിനാണ് അനുബന്ധ രേഖകൾ സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ളത് . അപേക്ഷ പരിഗണിക്കവേ ന്യൂനത പരിഹരിച്ച് പ്ലാൻ പുനർസമർപ്പിക്കുന്നതിനായി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ അപാകതകൾ പരിഹരിച്ച് പ്ലാൻ പുനർ സമർപ്പിക്കുകയും ചെയ്തു. സ്ഥലപരിശോധന റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഓവർസീയർക്ക് ഫയൽ കൈമാറുന്നതിനായി ഉത്തരവിട്ടു. തുടർന്ന് ഓവർസീയറുടെ റിപ്പോർട്ടിൽ അപാകതകൾ പരിഹരിച്ച് സമർപ്പിച്ചതിനാൽ കെ.എം.ബി.ആർ വിധേയമായതിനാൽ തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്ന് രേഖപ്പെടുത്തി. മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി സ്പെഷ്യൽ റസിഡൻസി ഗണത്തിൽപ്പെട്ട കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് ഫയൽ ചുമതലപ്പെട്ട വാർഡ് ക്ലർക്കിന് കൈമാറുന്നതിന് ഉത്തരാവുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ ഉപയോഗക്രമം ലോഡ്ജിംഗ് എന്ന് കണക്കാക്കിയും, 5/121 -A കെട്ടിട നമ്പർ നൽകി ച. മീ ന് 25/- രൂപ എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ച് 2019-20 ഒന്നാം അർദ്ധ വർഷം മുതൽ ഈടാക്കിയിട്ടുണ്ട്. കെട്ടിടത്തിന്റെ തറവിസ്തീർണ്ണ വിശദാംശം ചുവടെ ചേർക്കുന്നു.

നികുതി നിർണ്ണയിച്ച ഏരിയ

| | |
|---|---|
| ഒന്നാം നില | 72.86 |
| ആകെ തറവിസ്തീർണ്ണം | 72.86 |
| നിർണ്ണയിച്ച നികുതി | 72.86x25 +20%- 20% = 1822 +92 |

എന്നാൽ 26/02/2022 ന് ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശിശോധനയിൽ ഭൂഗർഭ നില പൂർണ്ണമായും നിർമ്മാണം നടത്തി ഉപയോഗ യോഗ്യമാക്കിയിട്ടുണ്ട്. കൂടാതെ പുറകിലേക്ക് അനധികൃതമായി നിർമ്മാണം നടത്തി മേൽക്കൂര ഷീറ്റിട്ടുണ്ട്. പ്ലാനിൽ വരാന്തയായി കാണിച്ച ഭാഗം നിർമ്മാണം നടത്തി സ്റ്റേജ് ആയി മാറ്റിയിട്ടുണ്ട്. കൂടാതെ നിലവിൽ റിസോർട്ട് എന്ന നിലയിലും, ഒരു ദിവസം 3000 മുതൽ 5000 രൂപ വരെ വാടകയ്ക്കാണ് നൽകുന്നത് എന്നുമാണ് നേരിട്ട് അറിയിച്ചത്. റിസോർട്ട് എന്ന നിലയിൽ ഉപയോഗിക്കുന്ന കെട്ടിടം മതിയായ സ്ഥലപരിശോധന നടത്താതെ, ലഭ്യമാക്കിയ പൂർത്തീകരണ ക്രമവത്ക്കരണ പ്ലാൻ പ്രകാരം മാത്രം നികുതി നിർണ്ണയിക്കപ്പെട്ടതിനാലും, ലഭ്യമാക്കിയ ക്രമവത്ക്കരണപ്ലാൻ പ്രകാരമുള്ള മുഴുവൻ തറ

വിസ്തീർണ്ണത്തിനും നികുതി നിർണ്ണയിക്കാത്തതിനാലുമാണ് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ നഷ്ടമുണ്ടായിട്ടുള്ളത്.

ഭൂഗർഭ നില പൂർണ്ണമായും നിർമ്മാണം നടത്തി ഉപയോഗ യോഗ്യമാക്കിയതിനാൽ പ്രസ്തുത സൈറ്റിൽ ആകെ നിർമ്മാണ നടത്തിയതിന് റിസോർട്ടുകൾക്ക് ബാധകമായ 80 രൂ/ച.മീ നിക്കിൽ നികുതി കണക്കാക്കി ഈടാക്കേണ്ടത് ചുവടെ പറയും പ്രകാരമാണ് .

| | |
|---|---|
| ഭൂഗർഭ നില | 82.86 ച. മീ + 36.52 ച. മീ = 119.38 ച. മീ |
| ഒന്നാം നില | 82.86 ച. മീ +110 .88 ച. മീ+36.52 ച. മീ = 230.26 ച. മീ |
| ആകെ തറവിസ്തീർണ്ണം | 349.64 ച. മീ |
| നിർണ്ണയിച്ച നികുതി | 349.64x 80 - 10% +10%= 27971 + 1399 |
| നികുതി ഈടാക്കിയതിലെ വ്യത്യാസം | 27971 + 1399 - 1822 +92 (26149 + 1307 ) |

അധികൃതമായ കെട്ടിടമായാൽ 2019-20 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നികുതി ഇനത്തിൽ 26149 /- രൂപയും, ഗ്രന്ഥശാലാവരി ഇനത്തിൽ 1307/- രൂപയും തനത് ഫണ്ടിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

എന്നാൽ നിയമപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടത്തിൽ സ്ഥലപരിശോധന വേളയിൽ അനധികൃത നിർമ്മാണം നടത്തിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ അനധികൃതമായി നിർമ്മിച്ച ഭാഗത്തിന് 276.78 ച. മീ തറവിസ്തീർണ്ണത്തിന്

276.78x80 -10%+10% = (22142+1107) X 3 = 66426 + 3321 രൂപയും,

അധികൃതമായി നിർമ്മിച്ച ഭാഗത്തിന്

72.86x80- 10% = 5246+262 രൂപയും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ കെട്ടിടത്തിൽ നിന്ന് സ്ഥലപരിശോധന വേളയിൽ അനധികൃത നിർമ്മാണം നടത്തിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്തിനാലും, അനധികൃതമായി നിർമ്മിച്ച ഭാഗത്തിനും, ക്രമവത്ക്കരണം നടത്തിയ ഭാഗത്തിനും ഉൾപ്പെടെ 2019-20 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നികുതി ഇനത്തിൽ 69,850/- രൂപയും,

ഗ്രന്ഥശാലാവരി ഇനത്തിൽ 3493 /- രൂപയും

ക്രമവത്കരിച്ചതിന്റെ നികുതി : 66426

പെർമിറ്റ് ഉള്ള ഏരിയക്ക് റിസോർട്ടുകൾക്ക്

ബാധകമായ നിരക്കിൽ ഈടാക്കേണ്ട നികുതി: 5246

ആകെ : 71672

വ്യത്യാസം 7162-1822 = 69850 + 3493 ഗ്രന്ഥശാലാവരി

മേൽ കെട്ടിടത്തിൽ നിന്ന് തനത് ഫണ്ടിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (26/2019-20 /02.03.22) യ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല . 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് 235 എ എ പ്രകാരം ലെ ഉപചട്ടം 1 പ്രകാരം പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും, അതോടൊപ്പം അതിന്റെ രണ്ടിരിട്ടി വരുന്ന തുകയും ചേർന്നുള്ള തുക, നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന്റെ വസ്തു നികുതിയായി ഈടാക്കാവുന്നതാണ്. എന്നാൽ നിയമപ്രകാരം ക്രമവത്ക്കരിച്ച കെട്ടിടത്തിൽ സ്ഥലപരിശോധന വേളയിൽ അനധികൃത നിർമ്മാണം നടത്തിയതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്തിനാലും മേൽ കെട്ടിടങ്ങളിൽ നിന്ന് 2019-20 ഒന്നാം അർദ്ധവർഷം മുതൽ വസ്തുനികുതി നികുതി ഇനത്തിൽ 96673/- രൂപയും, ഗ്രന്ഥാശാലാവരി ഇനത്തിൽ 4834/- രൂപയും തനത് ഫണ്ടിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തു സൈറ്റിൽ മേൽ കെട്ടിടങ്ങളെപ്പോലെയുള്ള 14 കെട്ടിടങ്ങൾ കൂടി ഉള്ളതായി സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും സ്പെഷ്യൽ റെസിഡൻസ്/ ലോഡ്ജിംഗ്/ഹോം സ്റ്റേ /റിസോർട്ട് എന്ന ഉപയോഗ ക്രമത്തിന് കെട്ടിട നമ്പർ അനുവദിച്ച മുഴുവൻ കെട്ടിടങ്ങളും സ്ഥലപരിശോധന നടത്തി നികുതി നഷ്ടം കണ്ടെത്തി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, മേൽ അപാകതകൾക്ക് വിശദീകരണം വ്യക്തമാക്കേണ്ടതാണ്. വസ്തു നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തേണ്ടതാണ്. കൂടാതെ തനത് വരുമാന ചോർച്ചയില്ലെന്ന് ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും, ഭരണസമിതിയും, സെക്രട്ടറിയും ഉറപ്പ് വരുത്തേണ്ടതാണ്.

## 2-2 പാർക്കിംഗ് ഏരിയ്ക്ക് നികുതി നിർണ്ണയിക്കാത്തതിനാൽ നഷ്ടം

ഫയൽ നം - എ2.1863/19 *29*/06/2019

വാഹിത ചിനാബ്, വണ്ണാൻ താഴെ, മുവണ്ണാച്ച എന്ന വ്യക്തി ടിയാളുടെ അപ്പാർട്ട്മെന്റ് (പാർപ്പിടാവശ്യം) കെട്ടിടം നിർമ്മിക്കുന്നതിനായി 30/05/2017 ലെ 28/2017 -18 പെർമിറ്റ് പ്രകാരം 642.91 ച. മീ കെട്ടിടം നിർമ്മിക്കുന്നതിനായി പെർമിറ്റ് എടുക്കുകയും 13.05.2019 ലെ കംപ്ലീൻ പ്ലാൻ

സർട്ടിഫിക്കറ്റ് പ്രകാരം 480.41 ച. മീ കെട്ടിടം പൂർത്തികരിച്ച് നികുതി നിർണ്ണയത്തിനായി അപേക്ഷ നൽകുകയും, ആയത് പ്രകാരം കെട്ടിട നമ്പർ നൽകി (12/60 A,B,C,D,E) നൽകി നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ കൊടുക്കുന്നു.

| ഫ്ലോർ | തറവിസ്തീർണ്ണം | നികുതി ഈടാക്കിയ തറവിസ്തീർണ്ണം |
|---|---|---|
| ഗ്രൗണ്ട് ഫ്ലോർ | 157.40 ച. മീ | 157.40 ച. മീ |
| ഒന്നാം നില | 231.64 ച. മീ | 231.64 ച. മീ |
| സ്റ്റെയർ | 17.13 ച. മീ | ഈടാക്കിയിട്ടില്ല |
| പാർക്കിംഗ് ഏരിയ | 74.24 ച. മീ | ഈടാക്കിയിട്ടില്ല |
| ആകെ | 480.41 ച. മീ | 389.03ച. മീ |

കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടം 2011 റൂൾ 3 പ്രകാരം വസ്തുനികുതി ചുമത്തേണ്ടതാണെന്നും, ഇപ്രകാരം ചുമത്തുന്ന നികുതി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം റൂൾ 2 (പി) പ്രകാരം കെട്ടിടത്തിന്റെ എല്ലാ നിലകളിലെയും ഫ്ലോർ ഏരിയയും, കോമൺ ഏരിയയും ഉൾപ്പെട്ടതാണ്. ഇത് പ്രകാരം 480.41 ച. മീ ഏരിയയ്ക്ക് വസ്തുനികുതി ചുമത്തേണ്ടതിന് പകരം 389.03 ച. മീറ്ററിന് നികുതി ചുമത്തിയതിലൂടെ 91.37 ച. മീ നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടിരിക്കുന്നു.

91.37 ച. മീ, ഒരു ച. മീ 4 രൂപ നിരയിൽ താഴെ പറയും പ്രകാരം നികുതി ചേർച്ച സംഭവിച്ചിട്ടുണ്ട്.

വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ട ഏരിയ = 91.37 ച. മീ

ഒരു ച. മീ 4 രൂപ നിരക്കിൽ അടിസ്ഥാന വസ്തുനികുതി = 91.37 X4

= 365.48 /- രൂപ

2019 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണചട്ട പ്രകാരം പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന്റെ കാർ പോർച്ച് മുതലായ സ്ഥലങ്ങൾ മാത്രമാണ് നികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയത്. ഒന്നിലേറെ വാസഗൃഹങ്ങൾ ഉൾപ്പെട്ട കെട്ടിടങ്ങളുടെ കാർ പാർക്കിംഗ് വേണ്ടി നിലകൾ പണിയുമ്പോൾ പ്രസ്തുത ഏരിയ, മറ്റ് കെട്ടിടങ്ങളുടെ ഏരിയയ്ക്ക് അനുസൃതമായ വീതിച്ച്

നൽകണമെന്ന വസ്തുത പരിഗണിയ്ക്കാതെ നികുതി നിർണയിച്ചതിനാലാണ് നികുതി ചോർച്ച സംഭവിച്ചത്. ഇക്കാര്യത്തിൽ സ്പഷ്ടത വരുത്തേണ്ടതാണ്. ഓഡിറ്റ് എൻക്വയറിക്ക് (27/2019-20/ 02.3.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടം വന്ന വസ്തുനികുതിയും ഗ്രന്ഥശാലാവരിയും ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പ്രവർത്തി പൂർത്തീകരിക്കാൻ കാലതാമസം - പിഴ ഈടാക്കിയില്ല

2019-20 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ താഴെപ്പറയുന്ന പൊതുമരാമത്ത് പ്രവൃത്തിയിൽ പ്രവൃത്തി പൂർത്തീകരണം വൈകിയിട്ടുണ്ട്. കരാർ പ്രകാരം പ്രവൃത്തികൾ പൂർത്തീകരിയ്ക്കാത്തതിന് കരാറുകാരനിൽ നിന്ന് നിയമാനുസൃതം പിഴ ഈടാക്കാതെ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് | ചെലവ് | കരാറുകാരൻ, എഗ്രി. നമ്പർ, തിയ്യതി. | ടി.എസ്. പ്രകാരം പ്രവർത്തി പൂർത്തീകരണ കാലയളവ് സൈറ്റ് കൈമാറിയ തിയ്യതി | പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി എം. ബുക്ക് പ്രകാരം | പൂർത്തീകരണം വൈകിയ കാലയളവ് ഈടാക്കേണ്ട പിഴ പി.എ.സി തുകയുടെ ശതമാനത്തിൽ | | പിഴ (രൂ) |
|---|---|---|---|---|---|---|---|---|
| 1 | 169/19-20 (S.o) കക്കാടം പൊയിൽ, പൂവാറൻതോട് ഗവ. എൽ. പി.സ്കൂളുകൾക്ക് ടോയ്ലറ്റ് നിർമ്മാണം | 534259 ചെക്ക്നം 21901143/ 30.3.20-291918 സംസ്ഥാ നാവിഷ്കൃത ഫണ്ട് | സിനോ ജോസഫ് AE/LSGD/ KDH/19/ 18-19 Dtd.5.3.19 | 6.മാസം 5.3.19 | 21.3.20 M B00k.192/ 17-18,44/ 18-19 | 643898 | പി.എ. സി തുക 643898 രൂപയുടെ 3% | 19316 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ചെക്ക് നം. 21901146/ 30.3.20- 242341 തനത് ഫണ്ട് | | | | | | |
| 2. | 138/20 (S.o) സ്കൂളുകൾക്ക് വേസ്റ്റ്പിറ്റ് നിർമ്മാണം | 45712 മെയിന്റൻസ് ഫണ്ട് (റോഡിതരം) ബിൽനം 2/19-20. /13.6.19.3949 22/27.6.19 /41763 | സിനോ ജോസഫ് AE/LSGD/ KDH/62/ 17-18 Dtd.23.3.18 | 3മാസം 23.3.18 | 24.3.19 Mbook209/ 18-19 | 100000 | പി.എ. സി തുക 100000 രൂപ യുടെ 3% | 3000 |
| 3 | 139/20(s.o). കൂടരഞ്ഞി ടൗൺ ബസ്സ് വെയിറ്റിംഗ് ഷെഡ് | 738764 വി.ഫണ്ട് 5/19-20/ 14.6.19.531297 10/27.6.19. 207467 | സിനോ ജോസഫ് AE/LSGD/ KDH/66/ 17-18 Dtd.26.3.18 | 6മാസം 26.3.18 | 31.3.19 Mbook206/ 18-19, 210-17-18, 206/18-18, 210/18-19, 216/18-19, 184/18-19 | 773459 | പി.എ. സി തുക 773459 രൂപ യുടെ 3% | 23203 |
| 4 | 148/20 പാടോത്ത് തീരം മുല്ലോളി പറമ്പ് റോഡ് (So) | 150000 ധനകാര്യ കമ്മീഷൻ അവാർഡ്. 150000/15/ 27.6.19 | സിനോ ജോസഫ് AE/LSGD/ KDH/70/ 17-18 Dtd.26.3.18 | 6 മാസം 26.3.18 | 24.3.19 Mbook.234/ 18-19 | 150000 | പി.എ. സി തുക 150000 രൂപ യുടെ 3% | 4500 |
| 5 | 147/20(so) ശങ്കരൻ കോളനി ഫുട്പാത്ത് | 177096 ധനകാര്യ കമ്മീഷൻ അവാർഡ് 177096/27/ 26.6.19 | സിനോ ജോസഫ് AE/LSGD/ KDH/63/ 17-18 Dtd.23.3.18 | 3 മാസം 23.3.18 | 21.3.19 M Book47/ 18-19 | 230000 | പി.എ. സി തുക 230000 രൂപ യുടെ 3% | 6900 |

| | |
|---|---|
| ആകെ | 56919 |

1.2.2012 തീയതിയിലെ ജി.ഒ.(പി)13/2012/പി.ഡബ്ല്യു.ഡി കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാം. പക്ഷേ ഇക്കാര്യത്തിന് എ.ഇ മുഖേന അപേക്ഷിക്കേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യതവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. മാന്വൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരമാവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇവിടെ ദീർഘീകരണം 50% ലും കൂടുതലാണ്. സെക്ഷൻ 2005 പ്രകാരം Site കൈമാറുന്ന തിയ്യതി മുതൽക്കാണ് പൂർത്തീകരണ കാലാവധി കണക്കാക്കേണ്ടത്. മേൽപ്രവൃത്തിയിൽ കാലയളവ് ദീർഘീകരണത്തിന് കരാറുകാർ എം.ഇ മുഖേന അപേക്ഷിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്ക് മറുപടി ലഭ്യമല്ല. പിഴ തുക 56,919/- രൂപ ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ച |

| | | |
|---|---|---|
| | പരിശോധിച്ചു | |

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | മുൻ ബാക്കി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 253000 | |
| | | | ലൈഫ് പാർപ്പിട പദ്ധതി | 340846 | |
| | | | ക്ഷീര സഹകരണ സംഘങ്ങളിലെ പാലിന് സബ്സിഡി | 350000 | |
| | | | അങ്കണവാടി പോഷകാഹാരം | 150000 | |
| | 349802 | 2593000 | ആകെ | 1093846 | 1499154 |
| ജില്ലാ പഞ്ചായത്ത് | | | ധാതുലവണ മിശ്രിതവും വിര മരുന്നും നല്കൽ | 15900 | |

| | | | | | |
|---|---|---|---|---|---|
| | | | ക്ഷീര ഗ്രാമം | 795000 | |
| | | | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 350000 | |
| | | | ക്ഷീര സഹകരണ സംഘങ്ങളിലെ പാലിന് സബ്സിഡി | 150000 | |
| | 71100 | 1310900 | ആകെ | 1310900 | 71100 |

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ചതും ചെലവഴിച്ചതും നീക്കിയിരിപ്പുള്ളതുമായ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ ചെക്ക് നമ്പർ | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ

തുകയുടെയും വിശദവിവരങ്ങൾ

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻ വർഷം എടുത്ത വായ്പ തുക | വർഷാരം ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 8530416 | 13582025 | 1372978 | - | 20739463 |

ലൈഫ് ഭവനപദ്ധതിയുടെ ഒരു ഗുണഭോക്താവിന് അധികമായി അനുവദിച്ച 64154/- രൂപ ഗുണഭോക്താവ് ബാങ്ക് എക്കൌണ്ടിൽ തിരിച്ചടച്ചതിനാൽ പ്രസ്തുത തുക ലോൺ എടുത്തതിലും ലോൺ തിരിച്ചടച്ചതിലും ഉൾപ്പെട്ടിട്ടുണ്ട്.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1100 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1100 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1100 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | സ്ഥിര നിക്ഷേപ നമ്പർ /തീയ്യതി | നിക്ഷേപത്തിന്റെ കാലാവധി | തുക |
|---|---|---|---|
| പ്രോമിസറി നോട്ട് കേരള സർക്കാർ | MS001170/19.08.1971 | NA | 1000 |

| | | | |
|---|---|---|---|
| മലപ്പുറം കോ-ഓപ്പ് സ്പിന്നിംഗ് മിൽ | 85/8.03.78 | Share Certificate | 100 |
| Total | | | 1100 |

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2001-02 | 10 | 2003-04 | 11.1.3.43 | കുടിവെള്ള ജലസേചന പദ്ധതികൾ പരിപാലന കമ്മിറ്റിയ്ക്ക് കൈമാറിയില്ല. |
| 2001-02 | | 2004-05 | 11.1.3.35 | നികുതി പിരിവിൽ അലംഭാവം |
| 2002-03 | 2-5 | 2006-07 | 379.1.18-100 | നികുതി കാലഹരണം |
| 2002-03 | 3-3 | 2006-07 | 379.5.7 | വാട്ടർചാർജ് |
| 2002-03 | 3-5 | 2006-07 | 379.17.4 | നടപ്പാത നിർമ്മാണം പ്രവർത്തി പൂർത്തിയായില്ല. |
| | | 2014-15 | 4.1.4-25 | ഖരമാലിന്യ സംസ്കരണ സംവിധാനം |
| | | 2014-15 | 4.1.5-30 | വ്യവസായ കേന്ദ്രങ്ങൾ. കെട്ടിട നിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു |
| 2014-15 | 2-3 | 2016-17 | അനുബന്ധം-4, 187 | തൊഴിൽ നികുതി അപാകതകൾ |

| | | | | |
|---|---|---|---|---|
| 2015-16 | 2-2 | 2016-17 | അനുബന്ധം- 5, 211 | തൊഴിൽ നികുതി അപാകതകൾ |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, ഭരണ സ്ഥാപനം | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | രസീത് നം. തീയതി | റവന്യൂ റിക്കറി യിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | നം. | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1996-97 | 12,13, 15,21 | എ. പി . സതീന്ദ്ര ബാബു, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 8268/ സ്പെ. സെൽ 4/2000 തിയതി 4.5.01 | 940 | 940/ 20944/ 76/14 തിയതി 2.06.01 20932 /51 തിയതി 27.01.01 | | | | | | |
| 2003-04 | 3-1 | എ.പി.സനൽ കുമാർ, ജൂനിയർ സൂപ്രണ്ട് | എൽ എഫ് 6394 സ്പെ. സെൽ 5/08 തിയതി 28.03.09 | 3650 | | | | | | 3650 | |

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,89,24,778 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 6,00,39,807 |
| വരവിനങ്ങളിലുള്ള നഷ്ടം | 97,038 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 56,919 |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 6,57,671 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 96,673 | ശ്രീ.പി.ടി.അബ്ദുൽ സലാം, സെക്രട്ടറി |
| 2-2 | 365 | ശ്രീ.പി.ടി.അബ്ദുൽ സലാം, സെക്രട്ടറി |
| 3-1 | 19,316 | ശ്രീമതി.അശ്വിനി.ടി, അസി.എഞ്ചിനീയർ |
| 3-2 | 37,603 | ശ്രീ.റഷി.പി.ആർ, അസി. എഞ്ചിനീയർ |
| | 1,53,957 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 49,950 | ശ്രീമതി. ശോഭന എൻ, ഹെഡ്മിസ്ട്രസ് |
| 1-15 | 4,06,000 | ശ്രീ.ഡിജേഷ് ഉണ്ണികൃഷ്ണൻ, വെറ്ററിനറി സർജൻ |
| 1-26 | 1,40,000 | ശ്രീ. പി.ടി.അബ്ദുൽ സലാം, സെക്രട്ടറി |
| 1-31 | 61,221 | ശ്രീ. പി.ടി.അബ്ദുൽ സലാം, സെക്രട്ടറി |
| | 6,57,671 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾഎന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

2-1-----4834 ഗ്രന്ഥശാലാവരി

2-2------18

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.പി.ടി.അബ്ദുൽ സലാം, സെക്രട്ടറി | വിരമിച്ചു. | ഇളയടത്ത് കണ്ടി വീട്, കുമാരനല്ലൂർ പി.ഒ, മുക്കം |
| ശ്രീമതി. അശ്വിനി.ടി, അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ, ഓമശ്ശേരി | നെഞ്ചീനിതൊടിയിൽ, പന്നിക്കോട്, പി. ഒ. മുക്കം |
| ശ്രീ.റഷി.പി.ആർ, അസി.എഞ്ചിനീയർ | അസി. എഞ്ചിനീയർ, ആതിരപ്പള്ളി | പുതുക്കാടി ഹൗസ്, വെസ്റ്റ് ചാലക്കുടി, ചാലക്കുടി പി. ഒ, തൃശ്ശൂർ ജില്ല. |
| ശ്രീമതി.ശോഭന.എൻ, ഹെഡ്മിസ്ട്രസ് | വിരമിച്ചു. | ശ്രീമംഗലം, ചേവരമ്പലം പി. ഒ കോഴിക്കോട് – 17 |
| ശ്രീ.ഡിജേഷ് ഉണ്ണികൃഷ്ണൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കൂടരഞ്ഞി ഗ്രാമപഞ്ചായത്ത് | ദിവ്യശ്രീ, വെസ്റ്റ്ഹിൽ, ബിലാത്തിക്കുളം, |

| | | |
|---|---|---|
| | | കോഴിക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 81-82 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 6 (8b,12,19,20,21,23) |
| 2001-02 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 10(CAR) |
| 2001-02 (DCB) | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | ( 3) {2-1,3-5,3-6} |
| 2002-03 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | (2) {3-6,3-8} |
| 2003-04 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18.5.18 | (2) { 3-1,3-7} |
| 2004-05 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | (2){ 3-5,3-8} |
| 2006-07 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 3-12 |
| 2007-08 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 2-12, 3-9, 3-10, 3-26 |
| 2008-09 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | 3-12, 3-15, 3-16 |
| 2009-10 | കെ.എസ്.എ.കെ.കെ.ഡി.പി1/838/ 18/5.5.18 | {3-1, 3-2, 3-5(2), 3-5(3), 3-7 |
| 2010-11 2011-12 | കെ.എസ്.എ.കെ.കെ.ഡി.പി1/617/ 1/6/.5.18 | (5). {3-8, 3-9, 3-11, 3-19} |
| 2012-13 | കെ.എസ്.എ.കെ.കെ.ഡി.പി1/617/ | (17) {3-1, 3-2, 3-3, |

| | | |
|---|---|---|
| 2013-14 | 1/6/.5.18 | 3-7, 3-8, 3-9,<br>3-10, 3-14, 3-15,<br>3-19} |
| 2014-15 | കെ.എസ്.എ.കെ.കെ.ഡി.പി1/617/<br>1/6/.5.18 | 14, {(2-3(1), 2-3(2),<br>2-3(3),<br>3-1, 3-3, 3-4, 3-16,<br>3-17, )} |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി.പി1/617/<br>1/6/.5.18 | 10, {2-2, 3-6, 3-8,<br>3-9, } |
| 2016-17 | കെഎസ്.എ.കെ.കെ.ഡി.പി1/813/<br>17/15.2.18 | 23{ 2-2, 2-3, 2-4,<br>3-1, 3-4, 3, 5,<br>3-6, 3-7, 3-10, 3-12,<br>3-15, 3-16} |
| 2017-18 | കെഎസ്.എ.കെ.കെ.ഡി.പി1/235/<br>2019/6.3.2019 | 1-12, 2-3, 3-1, 3-4,<br>3-6 |
| 2018-19 | കെഎസ്.എ.കെ.കെ.ഡി.പി9/7/<br>2020/7.1.2020 | 1-9 മുതൽ<br>1-24 വരെ |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ കൂടരഞ്ഞി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്